08
2025
ജൂലൈ
ചൊവ്വ
മിഥുനം 24

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391








തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.179 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-179 പേജ് 4. വില 2.00 രൂപ



02 കോടതികളിൽ നിലവിലുള്ള കേസുകൾ മധ്യസ്ഥതയിലൂടെ തീർപ്പാക്കുന്നു

03 മഴയിൽ വിറച്ച് ഉത്തരേന്ത്യ; ഹിമാചലിൽ മരണം 78 ആയി

04 സ്വകാര്യബസുകൾ ചൊവ്വാഴ്ച പണിമുടക്കും, 22 മുതൽ അനിശ്ചിതകാല സമരം


# കപ്പലപകടം: നഷ്ടപരിഹാരം തേടി സർക്കാർ

കൊച്ചി: എംഎസ്‌സി എൽസ 3 കപ്പലപകടത്തിൽ 9,531 കോടി രൂപ നഷ്ടപരിഹാരം തേടി സംസ്ഥാന സർക്കാർ. മെഡിറ്ററേനിയൻ കപ്പൽക്കമ്പനിക്കെതിരെ നൽകിയ അഡ്മിറാലിറ്റി സ്യൂട്ടിൽ എംഎസ്‌സിയുടെ കപ്പൽ അറസ്റ്റ് ചെയ്യാൻ ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. എംഎസ്‌സിയുടെ അകിറ്റെറ്റ2 അറസ്റ്റ് ചെയ്യാനാണ് ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ ഉത്തരവ്. അകിറ്റെറ്റ 2 വിഴിഞ്ഞം തുറമുഖം വിടുന്നതും ഹൈക്കോടതി തടഞ്ഞു.



പരിസ്ഥിതി സമുദ്രോല്പന്ന നഷ്ടം ഉന്നയിച്ച് നൽകിയ ഹർജിയിലാണ് ജസ്റ്റിസ് എം എ അബ്ദുൽ ഹക്കിം അധ്യക്ഷനായ സിംഗിൾ ബെഞ്ചിന്റെ ഉത്തരവ്. കപ്പലപകടത്തിലൂടെ സംസ്ഥാനത്തിന് പരിസ്ഥിതി ജൈവ ആവാസ വ്യവസ്ഥയിൽ കനത്ത നാശനഷ്ടമുണ്ടായെന്നാണ് ഹർജിയിൽ സർക്കാർ ഉന്നയിച്ചത്. സാമ്പത്തിക മത്സ്യബന്ധന മേഖലകളെ ബാധിച്ചുവെന്നും സംസ്ഥാന സർക്കാരിന്റെ ഹർജിയിൽ പറയുന്നു. 2017ലെ അഡ്മിറാലിറ്റി നിയമം അനുസരിച്ച് നഷ്ടപരിഹാരം ലഭ്യമാക്കാനായി ഹൈക്കോടതി അധികാരം ഉപയോഗിക്കണമെന്നാണ് സംസ്ഥാന സർക്കാരിന്റെ ആവശ്യം.

കഴിഞ്ഞ മേയ് 25നായിരുന്നു തോട്ടപ്പള്ളിയിൽ നിന്ന് 13 നോട്ടിക്കൽ മൈൽ അകലെ എംഎസ്‌സി എൽസ 3 കപ്പലപകടം. കപ്പലിൽ പരിസ്ഥിതിക്ക് ദോഷകരമായ 643 കണ്ടയ്നറുകളാണ് ഉണ്ടായിരുന്നത്. ഇതിൽ 61 കണ്ടയ്നറുകളും അതിന്റെ അവശിഷ്ടങ്ങളും തീരത്തടിഞ്ഞു. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ 59.6 മെട്രിക് ടൺ മാലിന്യം തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള തീരത്തുനിന്ന് നീക്കി.

സംസ്ഥാന സർക്കാർ നിയോഗിച്ച പ്രത്യേക വിദഗ്ധ സമിതിയാണ് നഷ്ടപരിഹാരം സംബന്ധിച്ച നിർദേശം സർക്കാരിന് നൽകിയത്. നഷ്ടം കണക്കാക്കാൻ പ്രതിദിന മത്സ്യബന്ധന ലഭ്യതയിലെ കുറവും പരിഗണിച്ചുവെന്നും സംസ്ഥാന സർക്കാർ ഹർജിയിൽ പറയുന്നു. പരിസ്ഥിതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി നൽകിയ ഹർജിയിൽ സ്വിറ്റ്സർലാൻഡ് ആസ്ഥാനമായ മെഡിറ്ററേനിയൻ ഷിപ്പ് കമ്പനി, എംഎസ്‌സി ഇന്ത്യ, അഡാനി വിഴിഞ്ഞം പോർട്ട് എന്നിവരും എതിർകക്ഷികളാണ്.

# ഡോ. മാർ അപ്രേം മെത്രാപ്പോലീത്ത കാലം ചെയ്തു

തൃശൂർ: ഇന്ത്യയിലെ പൗരസ്ത്യ കൽദായ സുറിയാനി സഭ മുൻ മേലധ്യക്ഷൻ ഡോ. മാർ അപ്രേം മെത്രാപ്പോലീത്ത (85) കാലം ചെയ്തു. വാർധക്യ സഹജമായ അസുഖങ്ങളാൽ തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു.



1940 ജൂൺ 13ന് തൃശൂരിൽ ജനിച്ച ജോർജ് ഡേവീസ് മൂക്കൻ അഥവാ മാർ അപ്രേം, ദീർഘകാലം സഭാനേതൃത്വത്തിൽ നിറഞ്ഞുനിന്നു. സെന്റ് തോമസ് കോളജ്, ജബൽപൂരിലെ ലിയോനാർഡ് തിയോളജിക്കൽ കോളജ്, വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ സ്കോളർഷിപ്പിൽ ഇംഗ്ലണ്ടിലെ വാർമിൻസ്റ്ററിലുള്ള സെന്റ് ബോണിഫേസ് കോളജ്, ലണ്ടൻ സർവകലാശാലയിലെ കിംഗ്സ് കോളജ്, സെന്റ് അഗസ്റ്റിൻസ് കോളജ്, സ്വിറ്റ്സർലൻഡിലെ ബോസിയിലുള്ള എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ പഠനം. ന്യൂയോർക്കിലെ യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് എസ്ടിഎം ബിരുദവും ചർച്ച് ഹിസ്റ്ററിയിൽ രണ്ട് ബിരുദാനന്തര ബിരുദങ്ങളും നേടിയിട്ടുണ്ട്.

1976ൽ കൽക്കട്ടയ്ക്കടുത്തുള്ള സെറാംപൂർ സർവകലാശാലയിൽ നിന്ന് ഡിടിഎച്ച് ബിരുദം നേടി. കോട്ടയത്തെ സുറിയാനി പഠനഗവേഷണ കേന്ദ്രമായ സെന്റ് എഫേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകരിൽ ഒരാളാണ്. 1961 ജൂൺ 25ന് ശെമ്മാശ പട്ടം സ്വീകരിച്ച അദ്ദേഹം 1965 ജൂൺ 13ന് 25 വയസ് തികയുന്ന ദിവസം പുരോഹിതനായി. 1968 സെപ്റ്റംബറിൽ ബാഗ്ദാദിലെ മാർ സയ്യ കത്തീഡ്രലിൽ വച്ച് ബിഷപ്പായി, എട്ട് ദിവസത്തിന് ശേഷം അതേ കത്തീഡ്രലിൽ വച്ച് തന്നെ മെത്രപ്പോലീത്തയായി വാഴിക്കപ്പെട്ടു.

ഗ്രന്ഥകാരനായ അപ്രേം 68 ഇംഗ്ലീഷ് പുസ്തകങ്ങളും 72 മലയാള പുസ്തകങ്ങളും രചിച്ചു. ശ്രീനാരായണഗുരുവിന്റെ ദൈവദശകം എന്ന കൃതി പൗരസ്ത്യ സുറിയാനി ഭാഷയിലേക്ക് തർജമ ചെയ്തത് അപ്രേമാണ്. 1968 മുതൽ തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്ത്യയിലെ പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ തലവനായിരുന്നു. അപൂർവ സുറിയാനി കയ്യെഴുത്തുകളുടെ ശേഖരണത്തിലും സംരക്ഷണത്തിലും നിർണായക പങ്കുവഹിച്ചു. വത്തിക്കാൻ അസീറിയൻ സഭ സംവാദ സമിതിയുടെ സഹ അധ്യക്ഷനായും ദേശീയ അന്തർദേശീയ ഫോറങ്ങളിൽ സഭയെ പ്രതിനിധീകരിച്ചും പ്രവർത്തിച്ചു. 1976 മുതൽ 1982 വരെ ചർച്ച് ഹിസ്റ്ററി അസോസിയേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡന്റ്, 2021 മുതൽ പാത്രിയാർക്കൽ ഡെലിഗേറ്റ് എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചു.

ഭൗതികദേഹം എംബാമിങിന് ശേഷം തൃശൂർ വലിയപള്ളിയിൽ പൊതുദർശനത്തിന് വയ്ക്കും. 10ന് വിശുദ്ധ കുർബാനയ്ക്ക് ശേഷം സംസ്കാര ശുശ്രൂഷ ആരംഭിക്കും. തുടർന്ന് നഗരി കാണിക്കലിന് ശേഷം കുരുവിളച്ചൻ പള്ളിയിൽ അടക്കം.

# പട്ടം എസ് യു ടി ആശുപത്രിയിൽ ദേശീയ ഡോക്ടേഴ്സ് ദിനം ആചരിച്ചു

തിരുവനന്തപുരം: എസ് യു ടി പഞ്ആശുപത്രിയിൽ ദേശീയ ഡോക്ടേഴ്സ് ദിനം ജൂലൈ 5ന് ഹോട്ടൽ ഹൈസിന്തിൽ വച്ച് ആഘോഷിച്ചു. 'ആലവശിറ വേല ങമസെ: ഇമൃശിഴ ളീൃ ഇമൃലഴശ്ലൃ' എന്ന വിഷയമായിരുന്നു ഈ വർഷത്തെ ഡോക്ടേഴ്സ് ദിന 'തീം'. മുൻ ചീഫ് സെക്രട്ടറി കെ. ജയകുമാർ ഐഎഎസ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഡോ. ദിവ്യ എസ് അയ്യർ ഐഎഎസ് (മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം) മുഖ്യപ്രഭാഷണം നടത്തി. എസ് യു ടി ആശുപത്രിയുടെ എംഡിയും സിഇഒയുമായ കേണൽ രാജീവ് മണ്ണാളി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.




അദ്ദേഹത്തിന്റെ അധ്യക്ഷ പ്രസംഗത്തിൽ, ഡോക്ടർമാരുടെ അർപ്പണബോധത്തെയും കഠിനാധ്വാനത്തെയും പ്രകീർത്തിക്കുകയുണ്ടായി. എസ് യു ടി യുടെ മുഖമുദ്രയായ രോഗി പരിചരണ മികവിൽ പ്രധാന പങ്ക് വഹിക്കുന്നത് ഡോക്ടർമാരാണെന്ന് അദ്ദേഹം എടുത്തു പറയുകയും അവരെ അഭിനന്ദിക്കുകയും ചെയ്തു.

ഡോ. എം. ഉണ്ണികൃഷ്ണൻ (എച്ച് ഒ ഡി & സീനിയർ കൺസൾട്ടന്റ് വാസ്കുലർ സർജറി) സ്വാഗതപ്രസംഗം നടത്തി. ചടങ്ങിൽ നവതിയുടെ നിറവിലും ആതുര സേവന രംഗത്ത് ശോഭിച്ചു നിൽക്കുന്ന ഡോ. കെ. പി. പൗലോസിനെയും പുതിയ കൃതികൾ പ്രസാധനം ചെയ്ത് ആതുരസേവന രംഗത്തിനുമപ്പുറം സാഹിത്യ സേവനത്തിലും പ്രാവീണ്യം പ്രകടിപ്പിച്ച 'അഗ്നിച്ചിറകിലേറിയ ശക്തിസ്വരൂപിണികൾ' യുടെ ഗ്രന്ഥകാരി ഡോ. ശ്രീരേഖ പണിക്കരെയും ആംഗലേയ പദ്യസമാഹാരമായ 'ദി മ്യൂസിങ്സ് ഓഫ് സ്റ്റാർസ് ആന്റ് ഡസ്റ്റ്' ന്റെ രചയിതാവ് ഡോ. അകിബ് കെ ഷെയ്ക്കിനെയും ആദരിക്കുകയുണ്ടായി. ഡോക്ടർമാരുടെ കലാപരിപാടികളും ചടങ്ങിൽ ഉൾപ്പെട്ടിരുന്നു. വിവിധ ഡിപ്പാർട്ട്മെന്റുകളിലെ ഡോക്ടർമാരും അരുടെ കുടുംബാംഗങ്ങളും മറ്റു ജീവനക്കാരും ചടങ്ങിൽ പങ്കെടുത്തു.

# റാങ്ക് നേട്ടവുമായി ഹർഷ കാഷ്ക്കിൻ

**അനു വില്യം**

കൊല്ലം: കെമിക്കൽ എൻജിനീയറിംഗിൽ ഒന്നാം റാങ്ക് നേടിക്കൊണ്ടു കൊല്ലം ശക്തികുളങ്ങര തീരത്തെ അഭിമാന താരമായി ഹർഷ. കോട്ടയം സെയിന്റ് ഗിറ്റ്സ് കോളജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്നും കെമിക്കൽ എഞ്ചിനീയറിംഗിൽ ഫസ്റ്റ് റാങ്കും ഡിസ്റ്റിംഗ്ഷനോടും (9.03 CGPA) പാസായ ഹർഷാ ക്യാഷ്കിൻ. 20212025 ബാച്ചിലാണ് ഉന്നത വിജയം കരസ്ഥമാക്കിയത്. ഷെറിൻ ഡെയിലിൽ ക്യാഷ്കിന്റെയും മരിയ ഗൊരേറ്റിയുടെയും മൂന്നു മക്കളിൽ മൂത്ത മകളാണ്.

ശക്തികുളങ്ങര കച്ചോട വീട്ടിൽ ടെറൻസ് ചാർളിയുടെയും ബാർബര ടെറൻസിന്റെയും കൊച്ചുമകളാണ്



ഹർഷ.

മാതാപിതാക്കൾ വിദേശ ജോലിയിൽ ഏർപ്പെട്ടിരുന്നപ്പോൾ ഹർഷ ഗ്രാന്റ് പേരന്റ്സിനൊപ്പമാണ് സ്കൂൾ വിദ്യാഭ്യാസം പൂർത്തികരിച്ചത്. വിദ്യാഭ്യാസ കാലയളവിൽ ആരുടെയും ഗൈഡൻസ് ഇല്ലാതിരുന്നിട്ടും ഒരിക്കൽ പോലും കൃത്യസമയത്ത് സ്വന്തം ഉത്തരവാദിത്വം ചെയ്യുന്നതിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടായിരുന്നില്ല എന്നതായിരുന്നു ഈ കുഞ്ഞു മിടുക്കിയുടെ ' പ്രത്യേകത. ഇന്റേൺ ഷിപ്പിനായി തായ്വാനിൽ പോവുകയും മികച്ച രീതിയിൽ അതു പൂർത്തിയാക്കുകയും ചെയ്തിരുന്നു ഹർഷ സഹോദരങ്ങൾ: ആൽഡ്രിൻ ക്യാഷ്കിൻ ആആഅ പഠനം പൂർത്തിയാക്കി.

കുഞ്ഞനുജൻ ഹർഷൽ ഒമാനിൽ ഇൻഡ്യൻ സ്കൂൾ കസബിൽ മൂന്നാം തരം വിദ്യാർത്ഥിയാണ്. പിതാവ് ക്യാഷ്കിൻ ടെറൻസ് ഒമാനിൽ മൊസാന്റം കമ്പനിയിൽ ഫോർമാനായും, അമ്മ മരിയ ഗൊരേറ്റി മോസസ് കസബ് ഹോസ്പിറ്റലിൽ നഴ്സ് ആയും ജോലി ചെയ്യുന്നു.

# ഇന്ന് അർധരാത്രി മുതൽ ദേശീയ പണിമുടക്ക്

തിരുവനന്തപുരം: കേന്ദ്ര സർക്കാരിന്റെ തൊഴിലാളി, കർഷക ദ്രോഹ നയങ്ങൾക്കെതിരെ രാജ്യത്തെ തൊഴിലാളികളും കേന്ദ്ര, സംസ്ഥാന സർക്കാർ ജീവനക്കാർ, അധ്യാപകർ, പൊതുമേഖലാ ജീവനക്കാർ എന്നിവരടക്കം ഇന്ന് അർധരാത്രി മുതൽ നടത്തുന്ന പണിമുടക്കിൽ കേരളം നിശ്ചലമാകും. ബുധനാഴ്ച അർധരാത്രി വരെയാണ് പണിമുടക്ക്. എഐടിയുസി, സിഐടിയു, ഐഎൻടിയുസി, എച്ച്എംഎസ്, ടിയുസിസി, സേവ, എഐസിസിടിയു, എൽപിഎഫ്, യുടിയുസി എന്നീ കേന്ദ്ര ട്രേഡ് യൂണിയനുകളും ജീവനക്കാരുടെ ഫെഡറേഷനുകളും ചേർന്നാണ് പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുന്നത്. എല്ലാ തൊഴിൽ മേഖലകളും പണിമുടക്കിൽ പങ്കെടുക്കും.




# ദേശീയ മധ്യസ്ഥതാ യജ്ഞം–കോടതികളിൽ നിലവിലുള്ള കേസുകൾ മധ്യസ്ഥതയിലൂടെ തീർപ്പാക്കുന്നു

രാജ്യത്തെ കോടതികളിൽ കെട്ടിക്കിടക്കുന്ന സിവിൽ കേസുകൾക്ക് വേഗത്തിൽ പരിഹാരം കാണുന്നതിനായി ദേശീയതലത്തിൽ ആരംഭിച്ച 'Mediation - For the Nation' എന്ന 90 ദിവസത്തെ പ്രത്യേക മധ്യസ്ഥതാ കാമ്പയിൻ കേരളത്തിൽ വിജയകരമായി മുന്നേറുന്നു. നാഷണൽ ലീഗൽ സർവീസസ് അതോറിറ്റിയും (NALSA) മീഡിയേഷൻ ആൻഡ് കൺസിലിയേഷൻ പ്രോജക്റ്റ് കമ്മിറ്റിയും (MCPC) സംയുക്തമായി ജൂലൈ 1 മുതൽ സെപ്റ്റംബർ 30 വരെ നടത്തുന്ന ഈ യജ്ഞത്തിൽ കേരളത്തിൽ ഊർജിതമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്. കുടുംബ തർക്കങ്ങൾ, ബാങ്ക് കടങ്ങൾ, വാഹന അപകട കേസുകൾ, ചെക്ക് മടങ്ങിയ കേസുകൾ, സർവീസ് സംബന്ധമായ തർക്കങ്ങൾ, ഗാർഹീക പീഡന കേസുകൾ, മദ്യസ്ഥതയിലൂടെ തീർപ്പാക്കാൻ കഴിയുന്ന ക്രിമിനൽ കേസുകൾ, വാണിജ്യ തർക്ക കേസുകൾ, വസ്തു സംബന്ധമായ കേസുകൾ, വസ്തു ഒഴിപ്പിക്കൽ കേസുകൾ, വസ്തു ഏറ്റെടുക്കൽ കേസുകൾ, ഉപഭോക്തൃ പരാതികൾ, അനുയോജ്യമായ മറ്റു സിവിൽ കേസുകൾ തുടങ്ങിയ വിവിധ വിഷയങ്ങളിലെ കേസുകൾ കോടതിക്ക് പുറത്ത് കക്ഷികൾ തമ്മിലുള്ള സൗഹൃദപരമായ ചർച്ചകളിലൂടെ പരിഹരിക്കാനാണ് പുതിയ മധ്യസ്ഥതാ യജ്ഞം ഊന്നൽ നൽകുന്നത്. സൗജന്യമായി ലഭിക്കുന്ന മധ്യസ്ഥതയും, കോടതി ഫീസ് തിരികെ ലഭിക്കുമെന്നതും മധ്യസ്ഥതയുടെ പ്രധാന സവിശേഷതകളാണ്. കക്ഷികൾക്ക് ഓൺലൈൻ മധ്യസ്ഥതാ സൗകര്യവും ലഭ്യമാണ്. കേരളത്തിൽ 700–ലധികം പരിശീലനം ലഭിച്ച അഭിഭാഷകരും ജുഡീഷ്യൽ ഓഫീസർമാരുമാണ് മധ്യസ്ഥതാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.കേരള ഹൈക്കോടതിയിലെയും ജില്ലാ, സബ് ഡിവിഷൻ തലങ്ങളിലെയും എ ഡി ആർ സെന്ററുകൾ ഈ യജ്ഞത്തിന് പ്രവർത്തനപരമായ പിന്തുണ നൽകുന്നു. കെ എസ് എം സി സിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം 78 എ ഡി ആർ സെന്ററുകളാണ് നിലവിൽ പ്രവർത്തിക്കുന്നത്.

കേരളത്തിൽ കഴിഞ്ഞ ജനുവരി മുതൽ നടത്തി വന്നിരുന്ന സമാനമായ കാമ്പയിന്റെ ഭാഗമായി, കേരളത്തിൽ ഇതുവരെ 11,200 ദീർഘകാല കേസുകൾ കോടതിയുമായി ബന്ധപ്പെട്ട തർക്കപരിഹാര കേന്ദ്രങ്ങളിലേക്ക് (ADR Centers) റഫർ ചെയ്യുകയും, അതിൽ 2,113 കേസുകൾ മധ്യസ്ഥതയിലൂടെ വിജയകരമായി തീർപ്പാക്കുകയും ചെയ്തു. കൂടുതൽ വിവരങ്ങൾക്കും സഹായങ്ങൾക്കും 0484–2562969, 2394554, kmckerala@gmail.com, https://ksmcc.keralacourts.in.

# UGC/CSIR - NET പരിശീലനം നടത്തുന്നതിന് അപേക്ഷിക്കാം

സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന സർക്കാർ/എയ്ഡഡ് കോളേജുകൾ/ യൂണിവേഴ്സിറ്റി കോളേജുകളിൽ ബിരുദാനന്തര ബിരുദത്തിന് രണ്ടാം വർഷം പഠിക്കുന്നവരും, നിലവിൽ പഠനം പൂർത്തിയായവരുമായ, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് (മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി) UGC/CSIR - NET പരീക്ഷാ പരിശീലനം വകുപ്പ് തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾ മുഖാന്തിരം നൽകി വരുന്നു.

UGC/CSIR - NET പരിശീലനം സംഘടിപ്പിക്കുന്നതിന് താല്പര്യമുള്ള കോളേജുകൾക്ക് അപേക്ഷിക്കാം. സർക്കാർ/എയ്ഡഡ് കോളേജുകൾ/യൂണിവേഴ്സിറ്റികൾ മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ ഈ പദ്ധതിയിൻ കീഴിൽ സാമ്പത്തിക സഹായം അനുവദിക്കുന്നു. 50–ൽ കുറയാതെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുള്ള ഒരു ബാച്ചിന് 12 ദിവസങ്ങളിലായി 72 മണിക്കൂർ പരിശീലനം നൽകുന്നതിന് ഫാക്കൽറ്റി പ്രതിഫലം 72000 രൂപയും ഭരണച്ചെലവ് ഇനത്തിൽ ഒരു ബാച്ചിന് 8000 രൂപയും ചേർത്ത് ആകെ 80000 രൂപ വകുപ്പ്, പദ്ധതി നടപ്പിലാക്കുന്ന കോളേജുകൾക്ക് അനുവദിക്കുന്നതാണ്. 2025–26 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ/ എയ്ഡഡ് കോളേജുകൾ/ യൂണിവേഴ്സിറ്റികൾ എന്നിവരെയാണ് തെരഞ്ഞെടുക്കുന്നത്. സ്ഥാപനത്തെ തെരഞ്ഞെടുത്തതിനുശേഷം പരിശീലന പരിപാടിയിൽ നിന്നും പിന്മാറുവാൻ പാടില്ല. പരിശീലന പദ്ധതിയുടെ സഹായം റീഇംബേഴ്സ്മെന്റായാണ് അനുവദിക്കുന്നത്.

ന്യൂനപക്ഷ വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പിൽ, സംഘാടകരുടെ കോളേജിൽ നിന്നും 50 ശതമാനം വിദ്യാർത്ഥികളെ തെരഞ്ഞെടുക്കാം. ശേഷിക്കുന്ന 50 ശതമാനം വിദ്യാർത്ഥികളെ സമീപസ്ഥമുള്ള മറ്റു സർക്കാർ/ എയ്ഡഡ് കോളേജുകൾ/ യൂണിവേഴ്സിറ്റികളിൽ നിന്നും തിരഞ്ഞെടുക്കണം. ബിരുദാനന്തര ബിരുദത്തിന് ഒന്നാം വർഷ പരീക്ഷയിൽ 55 ശതമാനം മാർക്ക് നേടി രണ്ടാം വർഷ പഠനം നടത്തുന്നവരെയും ബിരുദാനന്തര ബിരുദം 55 ശതമാനം മാർക്കോടെ പൂർത്തിയാക്കിയവരെയും പരിശീലനത്തിൽ പങ്കെടുപ്പിക്കാം. ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനത്തിൽ മുൻഗണന നൽകണം. അപേക്ഷാ ഫാറത്തിന്റെ മാതൃക www.minoritywelfare.kerala.gov.in വെബ് സൈറ്റിൽ ലഭിക്കും. ജൂലൈ 15നകം സമർപ്പിക്കണം. വിലാസം: ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാംനില, വികാസ് ഭവൻ, തിരുവനന്തപുരം–33. കൂടുതൽ വിവരങ്ങൾക്ക്: 0471 2300524, 0471–2302090.

## പി.ജി.ദന്തൽ കോഴ്സ്: ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ വിവിധ സർക്കാർ ദന്തൽ കോളേജുകളിലെ സ്റ്റേറ്റ് ക്വാട്ട സീറ്റുകളിലേയ്ക്കും സ്വാശ്രയ ദന്തൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ട/എൻ.ആർ.ഐ. ക്വാട്ട ഉൾപ്പെടെ മുഴുവൻ സീറ്റുകളിലേയ്ക്കുമുള്ള 2025–26 അധ്യയന വർഷത്തെ പി.ജി. ദന്തൽ കോഴ്സ് പ്രവേശനത്തിന് www.cee.kerala.gov.in വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളുടെ അന്തിമ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. താത്കാലിക ലിസ്റ്റ് സംബന്ധിച്ച് ജൂലൈ 5 വൈകിട്ട് 3 മണിവരെ ലഭിച്ച പരാതികൾ പരിശോധിച്ച ശേഷമാണ് ലിസ്റ്റ് തയ്യാറാക്കിയത്. സർവീസ് ക്വാട്ട വിഭാഗം കാറ്റഗറി ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കും. ഫോൺ: 0471 2332120, 2338487.

## സ്കോർ സമർപ്പിക്കണം

2025 ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് യോഗ്യതാ പരീക്ഷയുടെ മാർക്കും നാറ്റാ സ്കോറും ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 8 രാത്രി 11.59 മണിവരെ യായി നീട്ടി. വിശദ വിവരങ്ങൾക്ക്: www.cee.kerala.gov.in, ഫോൺ: 0471 2332120, 2338487.

## ഇന്റേൺഷിപ്പിന് അവസരം

സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ചങ്ങനാശ്ശേരിയിലെ കോമൺ ഫെസിലിറ്റി സർവീസ് സെന്ററിൽ മെക്കാനിക്കൽ എൻജിനിയറിങ് വിദ്യാർഥികൾക്കും കോഴ്സ് പൂർത്തിയായവർക്കും ഹ്രസ്വകാല ഇന്റേൺഷിപ്പിന് അവസരം. വിശദ വിവരങ്ങൾക്ക്: 9446536007, 7907856226, cfscchry@gmail.com.

## ധനലക്ഷ്മി ഭാഗ്യക്കുറി നറുക്കെടുപ്പ് ജൂലൈ 10 ന്

സംസ്ഥാനത്ത് ജൂലൈ 09 ന് സംയുക്ത ട്രേഡ് യൂണിയൻ ദേശീയ പണിമുടക്കിന് ആഹ്വാനം നൽകിയിരിക്കുന്ന സാഹചര്യത്തിൽ അന്നേ ദിവസം നറുക്കെടുക്കേണ്ടുന്ന ധനലക്ഷ്മി ഭാഗ്യക്കുറിയുടെ (DL- 9) നറുക്കെടുപ്പ് ജൂലൈ 10 ന് ഉച്ചതിരിഞ്ഞ് 1.30 ന് നടത്തുമെന്ന് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ അറിയിച്ചു.

## എൻജിനിയറിങ് വിത്ത് പൈത്തൺ പരിശീലനം

സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്വതന്ത്രവിജ്ഞാന ഗവേഷണ വികസനകേന്ദ്രം (ഐസിഫോസ്) 'എഞ്ചിനീയറിംഗ് വിത്ത് പൈത്തൺ' എന്ന വിഷയത്തിൽ 30 മണിക്കൂർ ദൈർഘ്യമുള്ള ഓൺലൈൻ സർട്ടിഫിക്കേഷൻ പ്രോഗ്രാം സംഘടിപ്പിക്കുന്നു. ജൂലൈ 14 മുതൽ ആഗസ്റ്റ് 2 വരെയാണ് പരിശീലനം. സ്വതന്ത്ര സോഫ്റ്റുവെയർ ഉപയോഗിച്ചുകൊണ്ട് പൈത്തൺ വൈദഗ്ധ്യം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി. 15 പ്രവർത്തി ദിവസങ്ങളിലായി 30 മണിക്കൂർ നീണ്ടുനിൽക്കുന്ന ഈ പ്രോഗ്രാമിന്റെ പരിശീലനം വൈകുന്നേരം 6 മുതൽ 8 മണി വരെ ആയിരിക്കും. വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും പ്രൊഫഷണലുകൾക്കും പങ്കെടുക്കാം. രജിസ്ട്രേഷൻ ഫീ 2,500. ഒരു ബാച്ചിൽ 50 പേർക്ക് പങ്കെടുക്കാം. താൽപര്യമുള്ളവർ ജൂലൈ 11 നകം അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും: https://icfoss.in/event-details/213, +91 7356610110 | +91 471 2413012 / 13 / 14 | +91 9400225962.

## എൻ.സി.സി യിൽ ഇൻസ്ട്രക്ടറായി നിയമനം

സംസ്ഥാനത്തെ എൻ.സി.സി. കേഡറ്റുകളെ പരിശീലിപ്പിയ്ക്കുന്നതിനായി കരാർ അടിസ്ഥാനത്തിൽ തിരുമല, നെയ്യാറ്റിൻകര, ചെങ്ങന്നൂർ, പത്തനംതിട്ട, പാല, തൃശൂർ, ചേർത്തല, തലശ്ശേരി, കാസർകോഡ് എന്നീ യൂണിറ്റുകളിലേയ്ക്ക് വിമുക്ത ഭടൻമാരായ ജെ.സി.ഒ.മാരിൽ നിന്നും എൻ.സി.ഒ.മാരിൽ നിന്നും കോൺട്രാക്റ്റ് ഇൻസ്ട്രക്ടർ സ്റ്റാഫ് നിയമനത്തിനായി അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾക്കായി https://nis.bisagn.gov.in/nis/downloads-public വെബ് സൈറ്റ് സന്ദർശിയ്ക്കാം. ഓൺലൈനായി അപേക്ഷകൾ adperskeraladte@gmail.com സമർപ്പിക്കണം. ഓൺലൈൻ അപേക്ഷയുടെ പകർപ്പ് തപാൽ വഴി അയയ്ക്കണം. തപാൽ വഴി അപേക്ഷ അയയ്ക്കേണ്ട വിലാസം അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി. ഡയറക്ടറേറ്റ് (കെ ആൻഡ് എൽ), വഴുതക്കാട്, തിരുവനന്തപുരം– 695010. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 30. ഫോൺ: 9149974355.

# ടെക്സസിലെ മിന്നൽ പ്രളയം: മരണം 67

ഓസ്റ്റിൻ: അമേരിക്കയിലെ ടെക്സസ് സംസ്ഥാനത്തുണ്ടായ മിന്നൽപ്രളയത്തിൽ മരിച്ചവരുടെ എണ്ണം 67 ആയി. മൂന്നു ദിവസമായി തുടരുന്ന രക്ഷാപ്രവർത്തനത്തിൽ കെർ കൗണ്ടിയിൽ ഗ്വാദലൂപ്പെ നദീതീരത്തു നടന്നുവന്ന ക്യാമ്പിൽ പങ്കെടുത്ത 27 പെൺകുട്ടികളുടെ മൃതദേഹങ്ങളും കണ്ടെടുത്തു. ക്യാമ്പിൽ പങ്കെടുത്ത പതിനൊന്ന് പെൺകുട്ടികളടക്കം ഒട്ടേറെപ്പേരെ ഇനിയും കണ്ടെത്താനുണ്ട്. എല്ലാവരെയും കണ്ടെത്തിയശേഷമേ തെരച്ചിൽ അവസാനിപ്പിക്കൂവെന്നാണ് ടെക്സസ് സംസ്ഥാന സർക്കാർ അറിയിച്ചത്.

ക്രൈസ്തവ വിശ്വാസികളായ പെൺകുട്ടികൾക്കു വേണ്ടി കെർ കൗണ്ടിയിൽ ഗ്വാദലൂപ്പെ നദീതീരത്ത് നടക്കുന്ന മിസ്റ്റിക് വേനൽക്കാല ക്യാമ്പിലെ കുട്ടികളെയാണു കാണാതായത്. 1926 മുതൽ എല്ലാ വർഷവും നടന്നുവരുന്ന വേനൽക്കാല ക്യാമ്പാണിത്. എട്ടു വയസ് മുതലുള്ള എഴുനൂറോളം പെൺകുട്ടികളാണ് ഇക്കുറി ക്യാമ്പിൽ പങ്കെടുത്തത്. മിന്നൽപ്രളയത്തിൽ ആറടിയിലേറെ ഉയരത്തിൽ വെള്ളം കയറിയതോടെ നദീതീരത്ത് ഇവർക്കു താമസിക്കാൻ സജ്ജമാക്കിയ കാബിനുകൾ കൂട്ടത്തോടെ ഒഴുകിപ്പോയി.

വെള്ളിയാഴ്ച പുലർച്ചെ ഗ്വാദലൂപ്പെ നദീതീരത്തുണ്ടായ കനത്ത മഴയാണ് പ്രളയത്തിനിടയാക്കിയത്. ഒരു മണിക്കൂറിനുള്ളിൽ 38 സെൻറിമീറ്റർ മഴ പെയ്തപ്പോൾ നദിയിലെ ജലനിരപ്പ് ഒൻപത് മീറ്ററായി ഉയർന്നു. 850 പേരെ രക്ഷപ്പെടുത്തിയതായാണ് അധികൃതർ അറിയിച്ചത്.

അമേരിക്കൻ സ്വാതന്ത്ര്യ ദിനമായിരുന്ന വെള്ളിയാഴ്ച നദീതീരത്തു വിവിധ ഭാഗങ്ങളിലായി ക്യാമ്പ് ചെയ്തിരുന്ന മറ്റേനകം പേരും ദുരന്തത്തിനിരയായി എന്നാണ് അനുമാനം. എത്രപേരെ കാണാതായി എന്നതിൽ ടെക്സസ് സംസ്ഥാന സർക്കാരിനു കൃത്യമായ കണക്കില്ല. സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി നിരവധി പേർ നദീതീരത്ത് എത്തിയിരുന്നുവെന്നും ഇവരിൽ പലരെയും കാണാതായിട്ടുണ്ടെന്നും എത്തിയ ആളുകളുടെ പേരുവിവരം ലഭ്യമല്ലെന്നും ടക്സസ് ലഫ്. ഗവർണർ ഡാൻ പാട്രിക് പറഞ്ഞു.

700 പെൺകുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തിരുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇരച്ചെത്തിയ വെള്ളത്തിൽനിന്നു രക്ഷ തേടി നിരവധി പേർ മരങ്ങളിലും മറ്റും കയറി. ഇവരെ പിന്നീട് രക്ഷാപ്രവർത്തകരെത്തി ഹെലികോപ്റ്റർ മുഖേന രക്ഷപ്പെടുത്തി.

കെർ കൗണ്ടിക്കു പുറമേ ഗ്വാദലൂപ്പെ നദിയൊഴുകുന്ന ട്രാവിസ് കൗണ്ടി, കെൻഡാൽ കൗണ്ടി എന്നിവിടങ്ങളിലും മരണങ്ങളും ആളുകളെ കാണാതായതും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്യാമ്പ് മിസ്റ്റിക്കിൽനിന്ന് 40 മൈൽ അകലെ ഗ്വാദലൂപ്പെ നദീതീരത്തുള്ള കംഫർട്ട് ടൗൺ പ്രളയജലത്തിനൊപ്പമെത്തിയ കൂറ്റൻ മരങ്ങളും കല്ലുകളും ചെളിയും നിറഞ്ഞ അവസ്ഥയിലാണ്. പ്രദേശത്തെ നിരവധി റോഡുകൾ തകർന്ന് ഗതാഗതം താറുമാറാകുകയും ചെയ്തു. പ്രളയത്തിൽ നിരവധി വാഹനങ്ങളാണ് ഒഴുകിപ്പോയത്.

14 ഹെലികോപ്റ്ററുകളും 12 ഡ്രോണുകളും അഞ്ഞൂറോളം രക്ഷാപ്രവർത്തകരും രക്ഷാദൗത്യത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. മരങ്ങളും ചെളിയും കല്ലുകളും അടിഞ്ഞു കിടക്കുന്നതിനാൽ രക്ഷാപ്രവർത്തനം ഏറെ ദുഷ്കരമാണ്. ടെക്സസിന്റെ പടിഞ്ഞാറും മധ്യഭാഗത്തും വീണ്ടും പ്രളയമുണ്ടാകാനുള്ള സാധ്യതയുണ്ടെന്ന് കാലാവസ്ഥാ നിരീക്ഷണകേന്ദ്രം വ്യക്തമാക്കി.

പ്രളയത്തെ ദുരന്തമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാരിന് ഫെഡറൽ സഹായം നൽകണമെന്ന് പ്രസിഡൻറ് ട്രംപിനോട് അഭ്യർഥിച്ചതായി ടെക്സസ് ഗവർണർ ഗ്രെഗ് ആബട്ട് അറിയിച്ചു. അഭ്യർഥന ട്രംപ് അംഗീകരിക്കുമെന്നാണ് വൈറ്റ്ഹൗസ് വൃത്തങ്ങൾ പറഞ്ഞത്.

# മുൻകൂട്ടി പ്രവചിക്കാനായില്ല; ട്രംപ് ഭരണകൂടത്തിന് വിമർശനം

ഓസ്റ്റിൻ: പ്രളയദുരന്തത്തിനു പിന്നാലെ യുഎസ് കാലാവസ്ഥാ വകുപ്പിനു വിമർശനം. ദുരന്തം മുൻകൂട്ടി പ്രവചിക്കാൻ കാലാവസ്ഥാ വകുപ്പിനു സാധിക്കാത്തതിലാണു വിമർശനം. പ്രദേശത്ത് പ്രളയ മുന്നറിയിപ്പ് സംവിധാനം ഇല്ലായിരുന്നെന്ന് പ്രാദേശിക ഭരണകൂടം ചൂണ്ടിക്കാട്ടി.

കനത്ത മഴ പ്രവചിച്ചിരുന്നെങ്കിലും കണക്കുകൂട്ടലുകളെല്ലാം തെറ്റിച്ചായിരുന്നു മിന്നൽപ്രളയം. മൂന്നു മണിക്കൂർകൊണ്ടു സൗത്ത് സെൻട്രൽ ടെക്സസിൽ പലയിടത്തും പെയ്തത് 254 മില്ലിമീറ്റർ മഴയാണ്. ഒരു മാസം പെയ്യേണ്ട മഴ മൂന്നു മണിക്കൂറിൽ പെയ്തതായാണു നിഗമനം.രാജ്യത്തെ കാലാവസ്ഥാ കാര്യങ്ങൾ നിരീക്ഷിക്കുകയും മുന്നറിയിപ്പ് നൽകുകയും ചെയ്യുന്ന നാഷണൽ ഓഷ്യാനിക് ആൻഡ് അറ്റ്മോസ്ഫിയറിക് അഡ്മിനിസ്ട്രേഷനുള്ള ബജറ്റ് വിഹിതം ട്രംപ് ഭരണകൂടം വെട്ടിക്കുറച്ചതിനാൽ കാലാവസ്ഥാ നിരീക്ഷണം പോലുള്ള കാര്യങ്ങൾ പ്രതിസന്ധിയിലാണെന്ന് ആക്ഷേപമുണ്ട്.

ഫണ്ട് വിഹിതം വെട്ടിക്കുറച്ചതിനു പിന്നാലെ കാലാവസ്ഥാ വിഭാഗത്തിൽനിന്ന് നിരവധി ജീവനക്കാരെ ട്രംപ് സർക്കാർ വെട്ടിക്കുറയ്ക്കുകയും ചെയ്തിരുന്നു. അതിനാൽ രാജ്യത്തെ പല കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളിലും വേണ്ടത്ര ജീവനക്കാരില്ലാത്ത അവസ്ഥയാണ്. ടെക്സസിലെ പല കാലാവസ്ഥാനിരീക്ഷണ കേന്ദ്രങ്ങളിലും പ്രധാന തസ്തികകളിൽ ഉദ്യോഗസ്ഥരില്ലെന്ന് ഭരണകൂടം ചൂണ്ടിക്കാട്ടിയിരുന്നു.

കാലാവസ്ഥ മുൻകൂട്ടി പ്രവചിക്കാനാകാത്തതിനു പിന്നിലെ ഒരു കാരണം ജീവനക്കാരുടെ അഭാവമായിരിക്കാമെന്ന് നാഷണൽ ഓഷ്യാനിക് ആൻഡ് അറ്റ്മോസ്ഫിയറിക് അഡ്മിനിസ്ട്രേഷൻ മുൻ ഡയറക്ടർ റിക് സ്പിൻറാഡ് ആരോപിച്ചു. ഫണ്ട് വെട്ടിക്കുറച്ചതിനാൽ കാലാവസ്ഥ നിരീക്ഷിക്കുന്ന ബലൂണുകളുടെ എണ്ണം കുറച്ചത് ആശങ്ക സൃഷ്ടിക്കുന്നുണ്ടെന്നും ഉദ്യോഗസ്ഥർ ആരോപിക്കുന്നു. കൊഞ്ചോ താഴ്വരയിലും കുന്നിൻപ്രദേശത്തും ശക്തമായ മഴ പെയ്യുമെന്ന് ബുധനാഴ്ച ദേശീയ കാലാവസ്ഥാ വിഭാഗം തങ്ങൾക്കു മുന്നറിയിപ്പ് നൽകിയെങ്കിലും കെർ കൗണ്ടിയിൽ അതിതീവ്ര മഴ പെയ്യുമെന്ന സൂചന പോലുമില്ലായിരുന്നുവെന്ന് ടെക്സസ് എമർജൻസി മാനേജ്മെൻറ് മേധാവി ഡബ്യൂ. നിം കിഡ് പറഞ്ഞു. എന്നാൽ അപ്രതീക്ഷിതമായി പെയ്ത കനത്ത മഴയാണ് ദുരന്തത്തിന്റെ വ്യാപ്തി വർധിപ്പിച്ചതെന്നാണ് കാലാവസ്ഥാനിരീക്ഷണ ക്രേന്ദം പറയുന്നത്. വരും ദിവസങ്ങളിലും ടെക്സസിന്റെ പടിഞ്ഞാറൻ, മധ്യ ഭാഗങ്ങളിൽ പ്രളയ സാധ്യതയുണ്ടെന്നു മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

# ഇസ്രയേലിലെ അഞ്ച് സൈനിക താവളങ്ങളിൽ ഇറേനിയൻ മിസൈൽ പതിച്ചു

ലണ്ടൻ: കഴിഞ്ഞമാസത്തെ യുദ്ധത്തിനിടെ ഇറാൻ പ്രയോഗിച്ച മിസൈലുകൾ ഇസ്രയേലിലെ അഞ്ചു സൈനിക താവളങ്ങളിൽ പതിച്ചതായി റിപ്പോർട്ട്. ഉപഗ്രഹചിത്രങ്ങളെ അടിസ്ഥാനമാക്കി ബ്രിട്ടനിലെ ടെലഗ്രാഫ് പത്രമാണു റിപ്പോർട്ട് പുറത്തുവിട്ടത്.ടെൽ നോഫ് വ്യോമതാവളം, ഗ്ലിലോട്ട് ഇൻറലിജൻസ് ആസ്ഥാനം, സിപ്പോറിറ്റ് ആയുധനിർമാണ കേന്ദ്രം എന്നിവയടക്കം അഞ്ചു സൈനിക കേന്ദ്രങ്ങളിൽ ആറ് ഇറേനിയൻ മിസൈലുകള് പതിച്ചെന്നാണു പറയുന്നത്. മിലിട്ടറി സെൻസർഷിപ്പ് നിലവിലുള്ളതിനാൽ സൈനിക കേന്ദ്രങ്ങളിലെ നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യാൻ ഇസ്രേലി മാധ്യമങ്ങൾക്കു വിലക്കുണ്ടായിരുന്നു. ജൂൺ 13 മുതൽ 24 വരെ 12 ദിവസം നീണ്ട യുദ്ധത്തിനിടെ ഇറാൻ 500നു മുകളിൽ മിസൈലുകളാണ് ഇസ്രയേലിനെതിരേ പ്രയോഗിച്ചത്. ഇതിൽ 42 മിസൈലുകൾ വ്യോമപ്രതിരോധ സംവിധാനങ്ങളെ വെട്ടിച്ച് ഇസ്രേലി ഭൂമിയിൽ പതിച്ചു. 28 ഇസ്രേലികളാണു മരിച്ചത്. 2,305 വീടുകൾ, 240 കെട്ടിടങ്ങൾ, രണ്ടു യൂണിവേഴ്സിറ്റികൾ, ഒരാശുപത്രി എന്നിവയ്ക്കു കേടുപാടുണ്ടായി. ഓരോ ദിവസം പിന്നിടുന്തോറും ഇസ്രേലി, അമേരിക്കൻ വ്യോമപ്രതിരോധ സംവിധാനങ്ങളെ വെട്ടിക്കുന്ന ഇറേനിയൻ മിസൈലുകളുടെ എണ്ണം വർധിച്ചുവെന്നും റിപ്പോർട്ടിൽ പറയുന്നു.

## രണ്ടാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരള സർക്കാരിനു കീഴിൽ കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള, ബാച്ചിലർ ഓഫ് ഡിസൈൻ (ഫാഷൻ ഡിസൈൻ) 2025 –26 കോഴ്സിലേക്ക് എൻട്രൻസ് പരീക്ഷ യോഗ്യത നേടിയവരുടെ രണ്ടാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ജൂലൈ 11 നകം നിർദിഷ്ട ടോക്കൺ ഫീസ് അടയ്ക്കണം. ടോക്കൺ ഫീസ് അടയ്ക്കാത്തവർക്കു അലോട്ട്മെന്റ് നഷ്ടപ്പെടും. അലോട്ട്മെന്റ് വിവരങ്ങൾ www.lbscentre.kerala.gov.in വഴി ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: 9447710275, 0471–2560327.

## ഡോ.മാർ അപ്രേമിന്റെ വിയോഗത്തിൽ മുഖ്യമന്ത്രി അനുശോചിച്ചു

കൽദായ സഭാ മുൻ ആർച്ച് ബിഷപ് ഡോ.മാർ അപ്രേമിന്റെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. തൃശൂരിന്റെ പൗരോഹിത്യ–സാംസ്കാരിക രംഗത്തെ പ്രധാന മുഖമായിരുന്ന മാർ അപ്രേം. ഒട്ടേറെ പുസ്തകങ്ങളുടെ രചയിതാവ് കൂടിയായ അദ്ദേഹത്തിന്റെ വേർപാട് കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക മേഖലയ്ക്ക് വലിയ നഷ്ടമാണെന്ന് മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

## പരീക്ഷാ രജിസ്ട്രേഷൻ ആരംഭിച്ചു

ആലപ്പുഴ ജില്ലയിലെ അരൂരിൽ പ്രവർത്തിക്കുന്ന കെൽട്രോൺ ടൂൾ റൂം റിസർച്ച് & ട്രെയിനിംഗ് സെൻററിലെ (KELTRAC) ടൂൾ & ഡൈ എഞ്ചിനീയറിംഗ് മാനുഫാക്ചറിംഗ് ടെക്നോളജി ഡിപ്ലോമാ പ്രോഗ്രാമുകളുടെ നവംബർ 2022 സപ്ലിമെന്ററി പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു.

ഇത് സംബന്ധിച്ചുള്ള വിജ്ഞാപനം (നോട്ടിഫിക്കേഷൻ നമ്പർ 27/2025, തീയതി: 01.07.2025) പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾ അരൂരിലെ കെൽട്രോൺ ടൂൾ റൂം റിസർച്ച് & ട്രെയിനിംഗ് സെൻററിൽ ലഭ്യമാണ്.

## ഡെപ്യൂട്ടേഷൻ നിയമനം

ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിൽ ഒഴിവുള്ള ഒരു സീനിയർ സൂപ്രണ്ട് തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനത്തിന് വിവിധ സർക്കാർ വകുപ്പുകളിലെയും സെക്രട്ടറിയേറ്റിലെയും സമാന തസ്തികയിൽ ജോലി ചെയ്യുന്നവരിൽ നിന്നും (ശമ്പള സ്കയിൽ–51400–110300) അപേക്ഷ ക്ഷണിച്ചു.

കെ.എസ്.ആർ ചട്ടം 144 പ്രകാരമുള്ള അപേക്ഷ ബന്ധപ്പെട്ട വകുപ്പ് മേധാവിയിൽ നിന്നും ലഭിച്ച സമ്മതപത്രം ഉള്ളടക്കം ചെയ്ത്, ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം, കെ.എസ്.എച്ച്.ബി ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം 695 001 എന്ന വിലാസത്തിൽ ജൂലൈ 26 നകം ലഭ്യമാക്കണം.

## ജൂനിയർ എൻജിനീയർ : എസ്.എസ്.സി അപേക്ഷ ക്ഷണിച്ചു

ജൂനിയർ എൻജിനീയർ നിയമനത്തിന് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ അപേക്ഷ ക്ഷണിച്ചു.

ബിരുദം അല്ലെങ്കിൽ സിവിൽ / മെക്കാനിക്കൽ / ഇലക്ട്രിക്കൽ എൻജിനീയറിംഗിലെ ഡിപ്ലോമയാണ് യോഗ്യത. ജൂലൈ 21 നകം ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക് : https://ssckkr.kar.nic.in, https://ssc.gov.in

## അപേക്ഷ ക്ഷണിച്ചു

പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ എറണാകുളം ഫോർഷോർ റോഡിൽ പ്രവർത്തിക്കുന്ന ഗോത്ര പൈതൃക കേന്ദ്രത്തിലെ (Tribal Complex) 10 പ്രദർശന വിപണന സ്റ്റാളുകൾ, കഫെറ്റീരിയ (വംശീയ ഭക്ഷണശാല) എന്നിവ സർക്കാർ നിരക്കിൽ ഏറ്റെടുത്ത് നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ 22ന് വൈകിട്ട് 5 നകം പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ നാലാം നില, തിരുവനന്തപുരം– 695033 എന്ന വിലാസത്തിൽ ലഭിക്കണം. വിശദ വിവരങ്ങൾക്ക്: 0471 2304594, 2303229.

# ബംഗളൂരുവിൽ നൂറ് കോടിയുടെ ചിട്ടി തട്ടിപ്പ്; മലയാളികൾ ഒളിവിൽ

ബംഗളൂരു: കോടികളുടെ ചിട്ടി തട്ടിപ്പ് നടത്തി മലയാളികൾ മുങ്ങിയതായി പരാതി. ആലപ്പുഴ രാമങ്കരി സ്വദേശികളായ എ. വി. ടോമിയും ഷൈനി ടോമിയുമാണ് ഒളിവിൽ പോയത്.

ഇവർ100 കോടിയോളം രൂപയുടെ തട്ടിപ്പ് നടത്തിയെന്നാണ് വിവരം. സംഭവത്തിൽ മലയാളികൾ ഉൾപ്പെടെ 1000ത്തോളം ആളുകളുടെ പണം നഷ്ടമായി.

ബംഗളൂരു രാമമൂർത്തി നഗറിൽ എ&എ ചിട്ട് ഫണ്ട്സ് എന്ന കമ്പനിയുടെ ഉടമകളായ ഇരുവരും 100 കോടിയോളം രൂപയുടെ വൻ തട്ടിപ്പ് നടത്തിയതായാണ് പരാതി. ഇരുപത് വർഷമായി ചിട്ടി നടത്തി വന്നിരുന്ന ഇവർ പ്രധാനമായും ആരാധനാലയങ്ങളും മലയാളി അസോസിയേഷനുകളും കേന്ദ്രീകരിച്ചായിരുന്നു നിക്ഷേപം വാങ്ങിയെടുത്തിരുന്നത്. കഴിഞ്ഞ വ്യാഴാഴ്ച മുതൽ ഇവരെക്കുറിച്ച് ഒരു വിവരവുമില്ല, ഫോൺ സ്വിച്ച് ഓഫ് ചെയ്ത നിലയിലാണ്. താമസിച്ചിരുന്ന ഫ്ലാറ്റടക്കം വിൽപ്പന നടത്തിയാണ് രണ്ട് പേരും മുങ്ങിയത്. ഇക്കാര്യം കമ്പനിയിലെ ജീവനക്കാർ പോലുമറിഞ്ഞിരുന്നില്ലെന്നാണ് ഒൻപത് വർഷമായി രാമമൂർത്തി നഗറിലെ എ&എ ചിട്ട് ഫണ്ട്സിൽ ജോലി ചെയ്തിരുന്ന ജീവനക്കാരി സതി പറയുന്നത്.

265 പേരാണ് ചിട്ടികമ്പനിക്കെതിരെ ഇത് വരെ പരാതി നൽകിയത്. കേസെടുത്ത രാമമൂർത്തി നഗർ പോലീസ് പ്രതികൾ വിദേശത്തേക്ക് കടന്നിരിക്കാനുള്ള സാധ്യതയടക്കം പരിശോധിക്കുകയാണ്. രേഖകളിൽ 1300ഓളം ഇടപാടുകാരുള്ളതിനാൽ തട്ടിപ്പിന്റെ വ്യാപ്തി ഇനിയും കൂടിയേക്കും. പണം നഷ്ടപ്പെട്ട നൂറ് കണക്കിന് പേരാണ് രാമമൂർത്തി നഗർ പോലീസ് സ്റ്റേഷനിൽ പരാതിയുമായി എത്തുന്നത്. ബംഗളുരു നഗരത്തിലെ പല ഭാഗങ്ങളിൽ നിന്നുള്ള മലയാളികളാണ് ഇതിൽ ഭൂരിഭാഗം പേരും. ആരാധനാലയങ്ങൾ വഴിയും റസിഡൻസ് അസോസിയേഷനുകൾ വഴിയുമാണ് ആലപ്പുഴ രാമങ്കരി സ്വദേശികളായ ടോമിയും ഷൈനിയും ആളുകളെ ചേർത്തിരുന്നത്. 2005 മുതൽ പ്രവർത്തിക്കുന്ന കമ്പനിയാണിത്. ബാങ്ക് പലിശയേക്കാൾ കൂടുതൽ പലിശ നൽകിയാണ് ഇവർ നിക്ഷേപകരെ ആകർഷിച്ചിരുന്നത്.

# വിവാഹവാഗ്ദാനം നൽകി പീഡിപ്പിച്ചെന്ന പരാതിയിൽ പ്രതിയെ വെറുതെവിട്ട് കോടതി

മുംബൈ: വിവാഹവാഗ്ദാനം നൽകി സ്ത്രീയെ എട്ടുവർഷത്തോളം നിരന്തരം പീഡിപ്പിച്ചെന്ന കേസിൽ 49-കാരനെ കോടതി വെറുതെവിട്ടു.

സംശയാതീതമായി കുറ്റം തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടെന്ന് ചൂണ്ടിക്കാട്ടിയാണ് താനെ അഡീഷണൽ സെഷൻസ് കോടതി ജഡ്ജി ഡി എസ് ദേഷ്മുഖ് പ്രതിയെ കുറ്റവിമുക്തനാക്കിയത്.

2022 മാർച്ചിലാണ് സ്ത്രീയുടെ പരാതിയിൽ സോലാപുർ സ്വദേശിയായ 49കാരനെതിരേ പോലീസ് കേസെടുത്തത്. 2012 ജൂലായ് മുതൽ 2020 മാർച്ച് വരെയുള്ള കാലയളവിൽ വിവാഹവാഗ്ദാനം നൽകി നിരന്തരം പീഡിപ്പിച്ചെന്നും അഞ്ചുലക്ഷം രൂപ തട്ടിയെടുത്തെന്നുമായിരുന്നു സ്ത്രീയുടെ പരാതി.

രണ്ടുകുട്ടികളുടെ അമ്മയായ പരാതിക്കാരിയുടെ ഭർത്താവ് 2007ൽ മരിച്ചിരുന്നു. 2012 ജൂലൈയിൽ തന്റെ സഹോദരിയുടെ മകളുടെ വിവാഹനിശ്ചയ ചടങ്ങിൽവെച്ചാണ് പരാതിക്കാരിയും പ്രതിയും പരിചയപ്പെട്ടത്.

പിറ്റേദിവസം പ്രതി പരാതിക്കാരിയെ ഫോണിൽ വിളിക്കുകയും ഇരുവരും പുനെ റെയിൽവേ സ്റ്റേഷനിൽ വെച്ച് കണ്ടുമുട്ടുകയുംചെയ്തു. പിന്നാലെ സമീപത്തെ ലോഡ്ജിലെത്തിച്ച് വിവാഹവാഗ്ദാനം നൽകി പ്രതി പീഡിപ്പിച്ചെന്നും തനിക്കും കുട്ടികൾക്കും സാമ്പത്തികമായ പിന്തുണ നൽകാമെന്ന് വാഗ്ദാനം ചെയ്തെന്നുമായിരുന്നു സ്ത്രീയുടെ പരാതി.

2014ൽ കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങളടക്കം പറഞ്ഞ് പ്രതിയുടെ ആവശ്യപ്രകാരം താനെയിലേക്ക് താമസം മാറ്റി. താനെയിലെ വീട്ടിൽവച്ച് നിരന്തരം ലൈംഗികമായി പീഡിപ്പിച്ചു.

ഇതിനുപുറമേ ഫ്ളാറ്റ് വാങ്ങാനും തദ്ദേശ തിരഞ്ഞെടുപ്പിലേക്ക് മത്സരിച്ച പ്രതിയുടെ ഭാര്യയുടെ തിരഞ്ഞെടുപ്പ് പ്രചാരണചെലവിലേക്കെന്ന പേരിലും ലക്ഷങ്ങൾ കൈക്കലാക്കി. തന്റെ ആഭരണങ്ങളടക്കം പണയംവെച്ചാണ് പണം നൽകിയതെന്നും പരാതിക്കാരി വ്യക്തമാക്കി.

2022ൽ പ്രതി പരാതിക്കാരിയുടെ ഫോൺവിളികൾക്ക് മറുപടി നൽകാതിരിക്കുകയും ഇവരുടെ നമ്പർ ബ്ലോക്ക് ചെയ്യുകയും ചെയ്തു. ഇതോടെ ബന്ധം വഷളായെന്നും പ്രതിയുടെ വീട്ടിലെത്തി കാര്യം തിരക്കിയ തന്നെ കുടുംബാംഗങ്ങൾ അസഭ്യം പറഞ്ഞെന്നും പരാതിക്കാരി ആരോപിച്ചിരുന്നു.

അതേസമയം, പ്രോസിക്യൂഷൻ കേസിൽ ഒട്ടേറെ പിഴവുകളുണ്ടെന്നായിരുന്നു കോടതിയുടെ നിരീക്ഷണം. പരാതിക്കാരി പ്രായപൂർത്തിയായ ആളാണെന്നും പ്രതിയുമായി ഒരുപതിറ്റാണ്ടോളം കാലം സ്വമേധയാ ശാരീരികബന്ധം പുലർത്തിയെന്നും അതുവരെ യാതൊരും എതിർപ്പും പ്രകടിപ്പിച്ചില്ലെന്നും കോടതി പറഞ്ഞു.

പരാതിക്കാരിക്ക് എന്തെങ്കിലും അതിക്രമം നേരിട്ടെങ്കിൽ എന്തുകൊണ്ടാണ് അത് പരാതിപ്പെടാൻ പത്തു വർഷം കാത്തിരുന്നതെന്നും കോടതി ചോദിച്ചു.

# മഴയിൽ വിറച്ച് ഉത്തരേന്ത്യ; ഹിമാചലിൽ മരണം 78 ആയി; റെഡ് അലർട്ട്

ന്യൂഡൽഹി: ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കനത്ത മഴ തുടരുന്നു. ഹിമാചൽ പ്രദേശിൽ ഇതുവരെ 78 പേർ മരിച്ചെന്നാണ് റിപ്പോർട്ട്. 40ലേറെപ്പേരെ കാണാതായിട്ടുണ്ട്. കാണാതായവർക്കുള്ള തെരച്ചിൽ തുടരുകയാണെന്ന് ദുരന്ത നിവാരണസേന ഉദ്യോഗസ്ഥർ പറഞ്ഞു. പ്രതികൂല കാലാവസ്ഥ തെരച്ചിലിനെ ബാധിക്കുന്നുണ്ട്.

ഹിമാചലിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. വരുംമണിക്കൂറുകളിൽ അതിശക്തമായ മഴ പെയ്യുമെന്നാണ് മുന്നറിയിപ്പ്. നിരവധി ആളുകളെ സുരക്ഷിതസ്ഥാനങ്ങളിലേക്കു മാറ്റിയിട്ടുണ്ട്. വൻനാശമാണു സംസ്ഥാനത്തുണ്ടായിരിക്കുന്നത്. ഹിമാചലിൽ ഇതുവരെ 23 മിന്നൽപ്രളയവും 19 മേഘവിസ്ഫോടനവും 16 ഇടത്ത് മണ്ണിടിച്ചിലും ഉണ്ടായെന്നാണ് റിപ്പോർട്ട്.

ഹിമാചലിലെ കാംഗ്ര, സിർമൗർ, മാണ്ഡി ജില്ലകളിലെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ട്. അടുത്ത 24 മണിക്കൂറിനുള്ളിൽ ചമ്പ, കാംഗ്ര, മാണ്ഡി, ഷിംല, സിർമൗർ ജില്ലകളിലെ ചില പ്രദേശങ്ങളിൽ വെള്ളപ്പൊക്കസാധ്യത കുറവാണെന്നും കാലാവസ്ഥാ നിരീക്ഷണകേന്ദ്രം അറിയിച്ചു. ഉന, ബിലാസ്പുർ, ഹാമിർപുർ, ചമ്പ, സോളൻ, ഷിംല, കുളു ജില്ലകളിലും ശക്തമായ മഴ പെയ്യുമെന്നാണ് മുന്നറിയിപ്പ്. ചമ്പ ജില്ലയിൽ മേഘവിസ്ഫോടനം സംഭവിച്ചതായി റിപ്പോർട്ടുണ്ട്. ദിവസങ്ങളായി തുടരുന്ന ശക്തമായ മഴയിൽ ഹിമാചലിൽ 240ലേറെ റോഡുകൾക്കു കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. നിരവധി കെട്ടിടങ്ങൾ തകർന്നു. നിരവധിപ്പേർ ഭവനരഹിതരായി.

ഇന്നുരാവിലെ ഡൽഹിയിലും സമീപ മേഖലകളിലും തുടർച്ചയായി മഴ പെയ്തു. വരുംമണിക്കൂറുകളിൽ കനത്ത മഴ പെയ്യുമെന്നാണ് മുന്നറിയിപ്പ്. ഡൽഹി, ഗുരുഗ്രാം, നോയിഡ, ഗാസിയാബാദ്, ഫരീദാബാദ് എന്നിവിടങ്ങളിൽ അതിശക്തമായ കാറ്റും മിന്നലുമുണ്ടായി. ഡൽഹി-എൻസിആറിൽ കാലാവസ്ഥാവകുപ്പ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. പഞ്ചാബ്, ജമ്മു കാഷ്മീർ, ഉത്തർപ്രദേശ്, കിഴക്കൻ രാജസ്ഥാൻ എന്നിവിടങ്ങളിൽ കനത്ത മഴ പെയ്യുമെന്നാണ് മുന്നറിയിപ്പ്. ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചതായി കാലാവസ്ഥാനിരീക്ഷണകേന്ദ്രം അറിയിച്ചു.

# യുപിയിൽ മുഹറം ഘോഷയാത്രയ്ക്കിടെ ഭക്ഷ്യവിഷബാധ; ഒരാൾ മരിച്ചു

ലക്നോ: ഉത്തർപ്രദേശിൽ മുഹറം ഘോഷയാത്രയ്ക്കിടെ സർബത്തും ബിരിയാണിയും കഴിച്ചവർക്ക് ഭക്ഷ്യവിഷബാധയേറ്റു. ഒരാൾ മരിച്ചു. 70 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഉത്തർപ്രദേശിലെ നനൗറ്റ പ്രദേശത്ത് കഴിഞ്ഞ ദിവസം രാത്രിയാണ് സംഭവം. നനൗറ്റ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ഷെയ്ഖ്ജാഡ്ഗൻ പ്രദേശവാസി ഷാബി ഹൈദറാണ് മരിച്ചത്. 70 പേർ പരാതി നൽകിയിട്ടുണ്ടെന്ന് ജില്ലാ മജിസ്ട്രേറ്റ് മനീഷ് ബൻസാൽ പറഞ്ഞു. ഭക്ഷ്യവിഷബാധയേറ്റവരെ ഉടനടി പ്രാഥമികാരോഗ്യ കേന്ദ്രം, ജില്ലാ ആശുപത്രി, സ്വകാര്യ ആശുപത്രി എന്നിവിടങ്ങളിൽ പ്രവേശിപ്പിച്ചെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഷെയ്ഖ്ജാഡ്ഗൻ ആശുപത്രിയിലേക്കുള്ള യാത്രയ്ക്കിടെ ഷാബി ഹൈദർ മരിക്കുകയായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ആളുകൾ കഴിച്ച ഭക്ഷണവും സർബത്തും പരിശോധനയ്ക്ക് അയച്ചിട്ടുണ്ടെന്നും ബൻസാൽ കൂട്ടിച്ചേർത്തു. ഭക്ഷ്യവിഷബാധയെക്കുറിച്ച് അന്വേഷിക്കുകയാണെന്ന് ചീഫ് മെഡിക്കൽ ഓഫീസർ (സിഎംഒ) ഡോ. പ്രവീൺ കുമാർ പറഞ്ഞു. ചികിത്സയ്ക്ക് ശേഷം ചിലർ ആശുപത്രി വിട്ട് വീട്ടിലേക്ക് പോയെന്നും പ്രവീൺ കുമാർ പറഞ്ഞു. നിലവിൽ 54 പേരാണ് ചികിത്സയിലുള്ളത്.

ഭീകരരെ പിന്തുണക്കുന്നവരെയും ഇരകളെയും ഒരുപോലെ കാണരുത്: ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി

# ക്ഷേത്രമേളയ്ക്കിടെ ആകാശത്തേക്ക് വെടിവച്ചു; ബിജെപി എംഎൽഎയുടെ മകനെതിരെ കേസ്

ബംഗളൂരു: കർണാടകയിൽ ക്ഷേത്രമേളയ്ക്കിടെ ആകാശത്തേക്ക് വെടിയുതിർത്ത ബിജെപി എംഎൽഎയും മുൻമന്ത്രിയുമായ രമേശ് ജാർക്കിഹോളിയുടെ മകൻ സന്തോഷ് ജാർക്കിഹോളിക്കെതിരെ പോലീസ് കേസ്.

ബെലഗാവിയിലെ ഗോകക്കിലെ ലക്ഷ്മി ദേവിക്ഷേത്രത്തിൽ ഉത്സവത്തിനിടെയാണ് സംഭവം. ജനക്കൂട്ടത്തിനിടയിൽനിന്ന് സന്തോഷ് ആകാശത്തേക്കു വെടിയുതിർത്ത് ആഘോഷിക്കുന്ന ദൃശ്യങ്ങളാണ് പുറത്തുവന്നത്.

തുടർന്ന് ഗോകക്ക് ടൗൺ പോലീസ് സന്തോഷ് ജാർക്കിഹോളിക്കെതിരെ എഫ്ഐആർ റജിസ്റ്റർ ചെയ്തു. പൊതുനിരത്തിൽ നിയമവിരുദ്ധമായി തോക്ക് ഉപയോഗിച്ചതിനാണ് കേസെടുത്തിരിക്കുന്നത്. സന്തോഷ് ജാർക്കിഹോളിയെ ചോദ്യം ചെയ്യാൻ വിളിപ്പിച്ചേക്കുമെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

വിഷയം ഗൗരവമായി കണക്കാക്കുമെന്ന് ആഭ്യന്തരമന്ത്രി ജി. പരമേശ്വര മാധ്യമങ്ങളോട് പറഞ്ഞു. 'പരാതി രേഖപ്പെടുത്തിയിട്ടുണ്ട്, അതിനനുസരിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കും. പോലീസ് കൃത്യമായി നടപടികൾ സ്വീകരിക്കും' അദ്ദേഹം വ്യക്തമാക്കി.

# താമസക്കാരിയുടെ കുളിമുറി ദൃശ്യങ്ങൾ ലൈവായി കണ്ട് വീട്ടുടമ, കേസെടുത്ത് പോലീസ്

ലക്നോ: താമസക്കാരിയുടെ കുളിമുറിയിൽ ഒളികാമറ സ്ഥാപിച്ച് കുളിദൃശ്യങ്ങൾ ലൈവ് ആയി കണ്ടുവെന്ന പരാതിയിൽ വീട്ടുടമസ്ഥനെതിരേ കേസ്.

ഒളികാമറ കണ്ടെത്തിയതോടെ യുവതിയെ ഇയാൾ ഭീഷണിപ്പെടുത്തിയെന്നും പരാതിയിൽ പറയുന്നു. ഉത്തർപ്രദേശിലെ ലക്നോവിൽ നടന്ന സംഭവത്തിൽ ദുബഗ്ഗ പൊലീസ് എഫ്ഐആർ രേഖപ്പെടുത്തി അന്വേഷണം ആരംഭിച്ചു.

ബഹ്റൈചിൽ നിന്നുള്ള യുവതിയാണ് ദുബഗ്ഗ പൊലീസിൽ പരാതി നൽകിയത്. തന്റെ കുളിമുറിയിൽ വീട്ടുടമസ്ഥൻ ഒളികാമറ സ്ഥാപിച്ചിരുന്നുവെന്നും താൻ അത് കണ്ടെത്തിയെന്നും യുവതി പരാതിയിൽ പറയുന്നു.

കാമറ വൈഫൈയുമായി ബന്ധിപ്പിച്ചിരുന്നു. യുവതി ശുചിമുറിയിൽ കയറുന്നത് ഇയാൾ ലൈവ് ആയി കാണുകയും ചെയ്തുവെന്നും യുവതി പറഞ്ഞു.

ജൂൺ 24നാണ് യുവതി കാമറ കണ്ടെത്തിയത്. ഇതോടെയാണ് ഞെട്ടിക്കുന്ന വിവരം യുവതി മനസിലാക്കുന്നത്. കാമറ കണ്ടെത്തിയതിന് പിന്നാലെ താൻ പിടിക്കപ്പെടുമെന്നായപ്പോൾ വീട്ടുടമസ്ഥൻ ക്ഷമാപണവുമായി തന്റെ അരികിലെത്തിയെന്നും യുവതി പറഞ്ഞു.

പോലീസിൽ പരാതി നൽകുമെന്നായപ്പോൾ ഇയാൾ യുവതിയെ ബലാത്സംഗം ചെയ്യുമെന്നും കുടുംബത്തെ ഉപദ്രവിക്കുമെന്നും ഭീഷണിപ്പെടുത്തിയതായും പരാതിയിലുണ്ട്.

# മദ്യപിച്ചെത്തി വഴക്കിട്ടു; ഭർത്താവിനെ ചപ്പാത്തിക്കോൽ കൊണ്ട് തലയ്ക്കടിച്ച് കൊലപ്പെടുത്തി ഭാര്യ

ബംഗളൂരു: ബംഗളൂരുവിൽ മദ്യപിച്ചെത്തി വഴക്കിട്ടതിന് പിന്നാലെ ഭർത്താവിനെ ചപ്പാത്തികോൽ കൊണ്ട് അടിച്ച് കൊലപ്പെടുത്തിയ ഭാര്യ അറസ്റ്റിൽ. ബെംഗളൂരു സുദ്ദഗുണ്ടെ പാളയ സ്വദേശി ഭാസ്കർ(42) ആണ് കൊല്ലപ്പെട്ടത്. ഭാര്യ(32) ശ്രുതി പോലീസിനോട് കുറ്റം സമ്മതിച്ചിട്ടുണ്ട്. മദ്യപിച്ചെത്തിയ ഭർത്താവ് തന്നോട് വഴക്കിട്ടെന്നും തുടർന്ന് തടി കൊണ്ടുണ്ടാക്കിയ ചപ്പാത്തിക്കോൽ ഉപയോഗിച്ച് തലയ്ക്കടിച്ച് കൊലപ്പെടുത്തിയെന്നുമാണ് യുവതി നൽകിയ മൊഴി. ഭാസ്കറിനെ കൊലപ്പെടുത്തിയ ശേഷം സ്വാഭാവിക മാരണമെന്ന് ചിത്രീകരിക്കാനും യുവതി ശ്രമം നടത്തിയിരുന്നു. തങ്ങൾ ഉറങ്ങുകയായിരുന്നുവെന്നും ഇതിനിടെ മരണം സംഭവിച്ചെന്നുമാണ് യുവതി ആദ്യം നൽകിയ മൊഴി. എന്നാൽ ഭാസ്കറിന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ തലയ്ക്കേറ്റ മർദ്ദനമാണ് മരണകാരണമെന്ന് രേഖപ്പെടുത്തിയിരുന്നു. ഇതോടെയാണ് ശ്രുതി കുടുങ്ങിയത്. ശ്രുതിയെ പോലീസ് വിശദമായി ചോദ്യം ചെയ്തതോടെ പ്രതി കുറ്റം സമ്മതിക്കുകയായിരുന്നു. ഭാസ്കറും ശ്രുതിയും 12 വർഷം മുൻപാണ് വിവാഹിതരായത്. ഇരുവർക്കും രണ്ട് കുട്ടികളുമുണ്ട്.

# സിംബാബ്‌വെ - ദക്ഷിണാഫ്രിക്ക ടെസ്റ്റ്; ലാറയുടെ റിക്കാർഡ് തകർക്കാനുള്ള അവസരം വേണ്ടന്നുവച്ച് മുൾഡർ

ബുലവായോ: ടെസ്റ്റ് ക്രിക്കറ്റിൽ ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോറെന്ന ബ്രയാൻ ലാറയുടെ (400* റൺസ്) റിക്കാർഡ് മറികടക്കാനുള്ള അവസരം വേണ്ടന്നുവച്ച് ദക്ഷിണാഫ്രിക്കൻ ക്യാപ്റ്റൻ വിയാൻ മുൾഡർ. സിംബാബ്‌വെയ്ക്കെതിരായ രണ്ടാം ടെസ്റ്റിൽ സ്വന്തം സ്കോർ 367 -ൽ നിൽക്കെ അദ്ദേഹം ഇന്നിംഗ്സ് ഡിക്ലയർ ചെയ്യുകയായിരുന്നു. ലാറയുടെ റിക്കാർഡ് മറികടക്കാൻ 34 റൺസ് മാത്രം വേണ്ട ഘട്ടത്തിലായിരുന്നു ഏവരേയും ഞെട്ടിച്ച ഡിക്ലറേഷൻ.

ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോർ നേടിയ താരങ്ങളുടെ പട്ടികയിൽ അഞ്ചാമതാണിപ്പോൾ മുൾഡർ. ലാറ (400) ഒന്നാമത് തുടരുമ്പോൾ മുൻ ഓസ്ട്രേലിയൻ താരം മാത്യൂ ഹെയ്ഡൻ (380) രണ്ടാം സ്ഥാനത്ത്. 2004ൽ ഇംഗ്ലണ്ടിനെതിരെ ആയിരുന്നു ലാറയുടെ നേട്ടം. ആദ്യദിനം ഇരട്ട സെഞ്ചുറി പൂർത്തിയാക്കിയ താരം 334 പന്തിൽ നിന്നാണ് 367 റൺസ് നേടിയത്. 49 ബൗണ്ടറികളും നാലു കൂറ്റൻ സിക്സറുകളും ഇതിൽ ഉൾപ്പെടും. ടീം സ്കോർ 626-5 എന്ന നിലയിൽ നിൽക്കെ ഡിക്ലയർ ചെയ്യാൻ മുൾഡർ തീരുമാനിക്കുകയായിരുന്നു. 297 പന്തിൽ നിന്ന് 300 തികച്ച താരം ടെസ്റ്റ് ചരിത്രത്തിലെ വേഗമേറിയ രണ്ടാമത്തെ ട്രിപ്പിൾ സെഞ്ചുറിയെന്ന നേട്ടവും സ്വന്തമാക്കി. 2008ൽ ചെന്നൈയിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരേ 278 പന്തിൽ നിന്ന് 300 തികച്ച ഇന്ത്യയുടെ വീരേന്ദർ സെവാഗിന്റെ പേരിലാണ് വേഗമേറിയ ട്രിപ്പിൾ സെഞ്ചുറിയുടെ റിക്കാർഡ്.

# ഭീകരരെ പിന്തുണക്കുന്നവരെയും ഇരകളെയും ഒരുപോലെ കാണരുത്: ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി

റിയോ ഡി ജനീറോ: ഭീകരരെ പിന്തുണക്കുന്നവരെയും ഇരകളെയും ഒരുപോലെ കാണരുതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ബ്രസീലിൽ പതിനേഴാമത് ബ്രിക്സ് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പഹൽഗാം ആക്രമണം മാനവരാശിക്കെതിരെയുള്ള ആക്രമണം ആയിരുന്നുവെന്നും പഹൽഗാം ഭീകരാക്രമണ സമയത്ത് ഇന്ത്യക്കൊപ്പം നിന്ന എല്ലാവർക്കും നന്ദിയെന്നും പ്രധാനമന്ത്രി പറഞ്ഞു.

'മനുഷ്യരാശി നേരിടുന്ന ഏറ്റവും ഗുരുതരമായ വെല്ലുവിളികളിൽ ഒന്നാണ് തീവ്രവാദം. അടുത്തിടെ, പഹൽഗാമിൽ ഇന്ത്യ മനുഷ്യത്വരഹിതമായ ഒരു ഭീകരാക്രമണത്തെ നേരിട്ടു. ഇത് മുഴുവൻ മനുഷ്യരാശിക്കുമെതിരായ ആക്രമണമായിരുന്നു'. പ്രധാനമന്ത്രി മോദി പറഞ്ഞു.

'ഭീകരതയെ മറികടക്കുന്നതിന് ബ്രിക്സ് രാജ്യങ്ങൾ വ്യക്തവും ഏകീകൃതവുമായ നിലപാട് സ്വീകരിക്കണം. ഭീകരത പോലുള്ള ഒരു വിഷയത്തിൽ ഇരട്ടത്താപ്പിന് സ്ഥാനമില്ല. ഏതെങ്കിലും രാജ്യം ഭീകരതയ്ക്ക് നേരിട്ടോ അല്ലാതെയോ പിന്തുണ നൽകിയാൽ, അതിനുള്ള വില നൽകേണ്ടിവരും'. -പ്രധാനമന്ത്രി പറഞ്ഞു.

സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും മൂല്യങ്ങളോടുള്ള ഇന്ത്യയുടെ പ്രതിബദ്ധത പ്രധാനമന്ത്രി മോദി ആവർത്തിച്ചു. ലോക സമാധാനവും സുരക്ഷയുമാണ് നമ്മുടെ പൊതുവായ താൽപ്പര്യങ്ങളുടെയും ഭാവിയുടെയും അടിത്തറയെന്ന് പ്രധാമന്ത്രി പറഞ്ഞു.

# ബംഗളൂരുവിൽ വാഹനാപകടം; ചികിത്സയിലിരുന്ന വിദ്യാർഥി മരിച്ചു

ബംഗളൂരൂ: ബൈക്ക് ലോറിയുമായി കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ പരിക്കേറ്റ് ബംഗളൂരൂവിലെ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന മലയാളി വിദ്യാർഥി മരിച്ചു. എറണാകുളം വെസ്റ്റ് കൊടുങ്ങല്ലൂർ സ്വദേശി കക്കോളിൽ ആൽബി ജോൺ ജോസഫ് (18) ആണ് മരിച്ചത്. വെള്ളിയാഴ്ച കെങ്കേരി കുമ്പളഗോഡ് സർവീസ് റോഡിൽവച്ച് ബൈക്ക് ലോറിയുമായി കൂട്ടിയിടിക്കുകയായിരുന്നു. ബംഗളൂരുവിലെ സ്വകാര്യ കോളജിൽ ബിടെക് വിദ്യാർഥിയാണ് ആൽബി. താമസസ്ഥലത്തു നിന്ന് കോളജിലേക്ക് വരുന്നതിനിടെയാണ് അപകടമുണ്ടായത്. മൃതദേഹം പോസ്റ്റ്മോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടു നൽകും.റെയിൽവേ സ്റ്റേഷന് വാജ്പേയിയുടെ പേര് നൽകണം; റെയിൽവേ മന്ത്രിക്ക് കത്തയച്ചു

# റെയിൽവേ സ്റ്റേഷന് വാജ്പേയിയുടെ പേര് നൽകണം; റെയിൽവേ മന്ത്രിക്ക് കത്തയച്ചു

ന്യൂഡൽഹി: മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ പേര് ന്യൂഡൽഹി റെയിൽവേ സ്റ്റേഷന് നൽകണമെന്ന് ആവശ്യപ്പെട്ട് ബിജെപി എംപി റെയിൽവേ മന്ത്രിക്ക് കത്തയച്ചു. ചാന്ദ്നിചൗക്ക് എംപി പ്രവീൺ ഖണ്ഡേൽവാലാണ് റെയിൽവേമന്ത്രി അശ്വിനി വൈഷ്ണവിന് കത്തയച്ചത്. ഡൽഹിയോട് ഗാഢമായ വൈകാരിക അടുപ്പം വാജ്പേയിക്കുണ്ടായിരുന്നു. റെയിൽവേ സ്റ്റേഷൻ പുനർനാമകരണം ചെയ്യുന്നതിലൂടെ അദ്ദേഹം ആജീവനാന്തം രാജ്യത്തിന് നൽകിയ സേവനത്തിനുള്ള ആദരവായി മാറുമെന്നും ഖണ്ഡേൽവാൽ കത്തിൽ പറയുന്നു. ഓൾഡ് ഡൽഹി റെയിൽവേ സ്റ്റേഷന് അഗ്രോഹയിലെ രാജാവായിരുന്ന മഹാരാജ് അഗ്രസെന്നിന്റെ പേര് നൽകണമെന്ന് ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത ആവശ്യപ്പെട്ടിരുന്നു.

# ആഗോള സംഘടനകളിൽ വലിയൊരു ജനവിഭാഗത്തിനു പ്രാതിനിധ്യമില്ല: മോഡി

റിയോഡിജനിറോ: ആഗോള സമ്പദ്ഘടനയിൽ വലിയ സംഭാവനകൾ നൽകുന്നവരാണെങ്കിലും നിർണായക തീരുമാനങ്ങളെടുക്കുന്ന വേദികളിൽ ഏഷ്യൻമേഖലയിലെ രാജ്യങ്ങൾ അവഗണിക്കപ്പെടുകയാണെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇരട്ട നിലപാടിന്റെ ഇരയാവുകയാണ് പലപ്പോഴും ഈ രാജ്യങ്ങൾ. യുഎൻ രക്ഷാസമിതി ഉൾപ്പെടെ സുപ്രധാനവേദികളിൽ അടിയന്തരമായി പരിഷ്കാരങ്ങൾ കൊണ്ടുവരണമെന്നും പ്രധാനമന്ത്രി നിർദേശിച്ചു. ബ്രസീലിയൻ നഗരമായ റിയോഡി ജനീറോയിൽ ഇന്നലെയാണു പതിനേഴാമതു ബ്രിക്സ് ഉച്ചകോടിക്കു തുടക്കംകുറിച്ചത്.

ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി ഗാലിയോ രാജ്യാന്തര വിമാനത്താവളത്തിൽ എത്തിയ മോദിക്ക് ഊഷ്മള സ്വീകരണമാണ് ലഭിച്ചത്. ആഗോള സുരക്ഷ, സമാധാനം എന്നതാണ് ഉച്ചകോടിയിലെ പ്രധാനചർച്ചാവിഷയം. ഉച്ചകോടിക്ക് സമാന്തരമായി വിവിധ ആഗോള നേതാക്കളുമായി മോദി ചർച്ചകൾ നടത്തും. ഇന്ത്യക്കു പുറമേ ബ്രസീൽ, റഷ്യ, ചൈന, ദക്ഷിണാഫ്രിക്ക, സൗദി അറേബ്യ, ഈജിപ്ത്, യു എ ഇ, എത്യോപ്യ, ഇന്തോനേഷ്യ, ഇറാൻ എന്നിവയാണ് ബ്രിക്സ് ഗ്രൂപ്പിലെ അംഗങ്ങൾ.

# പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

2025-26 അധ്യയന വർഷത്തെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ റഗുലർ (എം.സി.എ റഗുലർ) കോഴ്സിന്റെ പ്രൊവിഷണൽ പ്രവേശന പരീക്ഷഫലം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: 0471-2324396, 2560361, 2560327.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

### മഞ്ഞുമ്മൽ ബോയ്സ് തട്ടിപ്പുകേസ്

# സൗബിനെ ചോദ്യംചെയ്ത് വിട്ടയച്ചു, ആവശ്യമെങ്കിൽ വീണ്ടും വിളിപ്പിക്കും

കൊച്ചി: മഞ്ഞുമ്മൽ ബോയ്സ് സിനിമയുമായി ബന്ധപ്പെട്ട സാമ്പത്തിക തട്ടിപ്പ് കേസിൽ നടനും നിർമാതാവുമായ സൗബിൻ ഷാഹിറിനേയും സഹനിർമാതാക്കളേയും ചോദ്യംചെയ്ത് വിട്ടയച്ചു. ആവശ്യമെങ്കിൽ വീണ്ടും വിളിപ്പിക്കുമെന്ന് പോലീസ് അറിയിച്ചു. എല്ലാകാര്യങ്ങളും കൃത്യമായി പോലീസിനോട് പറഞ്ഞിട്ടുണ്ടെന്ന് ചോദ്യംചെയ്യലിന് ശേഷം സൗബിൻ പ്രതികരിച്ചു.

രാവിലെ മരട് പോലീസ് സ്റ്റേഷനിലാണ് സൗബിൻ അഭിഭാഷകനൊപ്പം ഹാജരായത്. സിനിമയുടെ സഹനിർമാതാക്കളായ ബാബു ഷാഹിർ, ഷോൺ ആൻറണി എന്നിവരും സൗബിനൊപ്പം ചോദ്യം ചെയ്യലിനെത്തിയിരുന്നു. സിനിമയിൽനിന്ന് ലഭിച്ച ലാഭം എങ്ങനെ ചെലവഴിച്ചു തുടങ്ങിയ കാര്യങ്ങളാകും പോലീസ് ചോദിച്ചറിഞ്ഞു.

നേരത്തെ ചോദ്യം ചെയ്യലിന് ഹാജരാകാൻ ആവശ്യപ്പെട്ട് പോലീസ് രണ്ടു തവണ നോട്ടീസ് നൽകിയെങ്കിലും മുൻകൂർ ജാമ്യാപേക്ഷ തേടി സൗബിൻ അടക്കമുള്ള പ്രതികൾ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.

മൂന്നു പ്രതികളെയും കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യേണ്ട സാഹചര്യമില്ലെന്ന് നിരീക്ഷിച്ച കോടതി പ്രതികൾക്ക് മുൻകൂർ ജാമ്യം നൽകുകയായിരുന്നു. ഇന്നും വേണ്ടിവന്നാൽ ചൊവ്വാഴ്ചയും അന്വേഷണ സംഘത്തിന് മുന്നിൽ ഹാജരാകണം എന്നാണ് ജസ്റ്റിസ് ബെച്ചു കുര്യന്റെ നിർദേശം. തങ്ങൾക്കെതിരായ കേസ് റദ്ദാക്കണം എന്നാവശ്യപ്പെട്ട് പ്രതികൾ നേരത്തെ നൽകിയ ഹർജി ഹൈക്കോടതി തള്ളിയിരുന്നു. 'മഞ്ഞുമ്മൽ ബോയ്സിന്റെ' ലാഭത്തിന്റെ 40 ശതമാനം നൽകാമെന്ന് കാണിച്ച് തന്നിൽ നിന്ന് ഏഴ് കോടി രൂപ കൈപ്പറ്റിയിട്ടും പണം നൽകാതെ വഞ്ചിച്ചുവെന്നാണ് അരൂർ സ്വദേശി സിറാജ് വലിയവീട്ടിൽ ഹമീദ് എന്നയാളുടെ പരാതി.

തുടർന്ന് കോടതി നിർദേശപ്രകാരം മരട് പോലീസ് അന്വേഷണം നടത്തുകയും സൗബിനും മറ്റുള്ളവർക്കുമെതിരേ ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകുകയും ചെയ്തു. പ്രതികൾ ഗൂഢാലോചന നടത്തി പരാതിക്കാരനെ വഞ്ചിക്കുകയായിരുന്നുവെന്നാണ് പോലീസ് റിപ്പോർട്ട്. തുടർന്നാണ് കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് പ്രതികൾ കോടതിയെ സമീപിച്ചതും ഇത് തള്ളിയതും.

ഹർജി തള്ളിയതോടെ അന്വേഷണം ശക്തിപ്പെടുത്തിയ പോലീസ് കഴിഞ്ഞ മാസം 20ന് മൂന്നു പേരെയും ചോദ്യം ചെയ്യലിന് വിളിച്ചിപ്പിരുന്നു. എന്നാൽ ഹൈക്കോടതി ഇവർക്ക് 27 വരെ സമയം നീട്ടി നൽകി. തുടർന്നാണ് ജൂൺ 26ന് മുൻകൂർ ജാമ്യം അനുവദിച്ചതും ഇന്നു പോലീസിനു മുന്നിൽ ഹാജരാകാൻ നിർദേശം നൽകിയതും. കേസ് സിവിൽ വ്യാപാര സ്വഭാവത്തിലുള്ളതാണെന്നും സാധാരണ ക്രിമിനൽ കേസായി പരിഗണിക്കാനാവില്ലെന്നും നിരീക്ഷിച്ചാണ് കോടതിയുടെ നടപടി.

# കേരളത്തിന്റെ 'നിധി' ജാർഖണ്ഡിലേക്ക് മടങ്ങി, ശിശുക്ഷേമ സമിതിക്കു കൈമാറും

കൊച്ചി: ചികിത്സാച്ചെലവ് താങ്ങാനാവാതെ കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ജാർഖണ്ഡ് സ്വദേശികളായ മാതാപിതാക്കൾ ഉപേക്ഷിച്ച പിഞ്ചുകുഞ്ഞ് 'നിധി' ഇന്ന് ജാർഖണ്ഡിലേക്ക് മടങ്ങി.

സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ഉദ്യോഗസ്ഥരും പോലീസും എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽനിന്ന് ഇന്നു രാവിലെ ധൻബാദ് എക്സ്പ്രസിൽ നിധിയുമായി ജാർഖണ്ഡിലേക്ക് പുറപ്പെട്ടു. അവിടെ വച്ച് ജാർഖണ്ഡ് ശിശുക്ഷേമ സമിതിക്കു കുഞ്ഞിനെ കൈമാറും. ഇനി ജാർഖണ്ഡ് സിഡബ്ല്യുസിയുടെ സംരക്ഷയിലാവും കുഞ്ഞ് വളരുക.

അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കുഞ്ഞിനെ കൈമാറുന്നത്. കുട്ടിയെ സംരക്ഷിക്കാൻ മാതാപിതാക്കൾക്ക് സാമ്പത്തിക പ്രാപ്തി ഇല്ല എന്നു വ്യക്തമായ സാഹചര്യത്തിലാണ് കുഞ്ഞിനെ ശിശുക്ഷേമ സമിതിയെ ഏൽപ്പിക്കുന്നത്. ജാർഖണ്ഡ് ശിശുക്ഷേമ സമിതി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യം തീരുമാനിച്ചത്.

ആറ് മാസത്തോളം കേരള വനിതശിശുക്ഷേമ വകുപ്പിന്റെ പരിരക്ഷയിലാണ് കുഞ്ഞ് വളർന്നത്. കോട്ടയത്തെ ഫിഷ് ഫാമിൽ ജോലി ചെയ്തിരുന്ന ജാർഖണ്ഡ് സ്വദേശികളായ ദമ്പതികൾ നാട്ടിലേക്ക് യാത്ര തിരിക്കുന്നതിനിടെ യുവതിക്ക് പ്രസവ വേദന അനുഭവപ്പെടുകയും ജനവരി 29ന് എറണാകുളം ജനറൽ ആശുപത്രിയിൽ കുഞ്ഞിന് ജന്മം നൽകുകയുമായിരുന്നു.

പൂർണ വളർച്ച എത്താത്തതിനാൽ കുഞ്ഞിനെ സ്വകാര്യആശുപത്രിയിലേക്ക് മാറ്റി. ചികിത്സാ ചെലവിനുള്ള പണം കണ്ടെത്താൻ കഴിയാതെ വന്നതോടെ പിന്നീട് കുഞ്ഞിനെ ഉപേക്ഷിച്ച് മാതാപിതാക്കൾ ജാർഖണ്ഡിലേക്ക് മടങ്ങുകയുമായിരുന്നു.

തുടർന്ന് സർക്കാർ കുഞ്ഞിനെ ഏറ്റെടുക്കുകയും 'നിധി' എന്ന് പേരിടുകയുമായിരുന്നു.

# തൃശൂർ പൂരം കലക്കൽ; കേന്ദ്രമന്ത്രി സുരേഷ് ഗോപിയുടെ മൊഴിയെടുത്തു

തിരുവനന്തപുരം: തൃശൂർ പൂരം കലക്കലുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രി സുരേഷ് ഗോപിയുടെ മൊഴിയെടുത്തു. രണ്ട് ദിവസം മുന്പ് അന്വേഷണസംഘത്തിന്റെ തലവൻ ഡിഐജി തോംസൺ ജോസിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തുവച്ചായിരുന്നു മൊഴി രേഖപ്പെടുത്തിയത്.

മൊഴിയെടുക്കൽ പൂർത്തിയായിട്ടില്ലെന്നും നിലവിലെ മൊഴി പരിശോധിച്ച ശേഷം വീണ്ടും മൊഴി രേഖപ്പെടുത്തുമെന്നും അന്വേഷണസംഘം അറിയിച്ചു.

ചടങ്ങുകൾ അലങ്കോലമായതിന്റെ പേരിൽ തിരുവമ്പാടി വിഭാഗം പൂരം നിർത്തിവച്ചതിനു പിന്നാലെ പ്രശ്നം പരിഹരിക്കാനുള്ള ശ്രമവുമായി സുരേഷ് ഗോപി ആംബുലൻസിൽ വന്നിറങ്ങുന്നതിന്റെ ദൃശ്യങ്ങൾ പ്രചരിച്ചിരുന്നു. മറ്റു വാഹനങ്ങൾക്കു പ്രവേശനമില്ലാതെ അടച്ചിട്ട മേഖലയിലേക്ക് ആംബുലൻസിൽ സുരേഷ് ഗോപിയെ എത്തിച്ചതിൽ ഗൂഢാലോചനയുണ്ടെന്ന് ആരോപണം ഉയർന്നിരുന്നു.

എന്നാൽ പൂരം അലങ്കോലപ്പെട്ടെന്ന് അറിയിച്ചത് ബിജെപി പ്രവർത്തകരാണെന്നും ഇതനുസരിച്ചാണ് താൻ ആംബുലൻസിൽ സംഭവസ്ഥലത്തേക്ക് എത്തിയതെന്നും സുരേഷ് ഗോപി മൊഴി നൽകിയതായാണ് വിവരം.

നിലവിൽ കേസന്വേഷണം അവസാനഘട്ടത്തിലാണ്. നേരത്തേ മന്ത്രിമാരുടെയും പോലീസ് ഉദ്യോഗസ്ഥരുടെയും അടക്കം മൊഴി രേഖപ്പെടുത്തിയിരുന്നു.

## ഞാവൽപ്പഴം പോലെ. . ! കാട്ടുപഴം കഴിച്ച മൂന്ന് വിദ്യാർഥികൾ കൂടി ആശുപത്രിയിൽ

കോഴിക്കോട്: ഞാവൽ പഴം എന്നു കരുതി കാട്ടുപഴം കഴിച്ച മൂന്ന് വിദ്യാർഥികൾ കൂടി താമരശേരി താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടി. ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെ തുടർന്നാണ് കുട്ടികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നേരത്തെ ചികിത്സ തേടിയ ഒൻപതാം ക്ലാസുകാരനൊപ്പമാണ് മൂവരും കാട്ടുപഴം കഴിച്ചത്. ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്ന വിദ്യാർഥികളുടെ ആരോഗ്യനിലയിൽ പ്രശ്നങ്ങളൊന്നുമില്ലെന്നാണ് ലഭിക്കുന്ന വിവരം. ഒൻപതാം ക്ലാസ് വിദ്യാർഥിയാണ് ആദ്യം ചികിത്സ തേടിയത്. വൈകുന്നേരത്തോട് കൂടിയാണ് മൂന്ന് വിദ്യാർഥികൾ കൂടി ചികിത്സക്കെത്തിയത്. കുട്ടികളുടെ ചുണ്ടിലും മുഖത്തും വീക്കവും ദേഹത്ത് ചൊറിച്ചിലും അനുഭവപ്പെടുകയായിരുന്നു.

വിശദ പരിശോധനയിൽ മറ്റ് പ്രശ്നങ്ങളൊന്നുമില്ലെന്ന് ആശുപത്രി അധികൃതർ പറഞ്ഞു. ഏത് മരത്തിൽ നിന്നുള്ള പഴമാണ് കുട്ടികൾ കഴിച്ചതെന്ന കാര്യത്തിലും അന്വേഷണം ആരംഭിച്ചിട്ടുണ്ട്. വീടിനടുത്ത് നിന്നുള്ള പഴമാണ് കുട്ടികൾ കഴിച്ചതെന്ന് പറഞ്ഞിരുന്നു.

## സുന്നത്ത് കർമത്തിനായി അനസ്തേഷ്യ നൽകിയ പിഞ്ചുകുഞ്ഞ് മരിച്ചു

കോഴിക്കോട്: സുന്നത്ത് കർമത്തിനായി ആശുപത്രിയിൽ പ്രവേശിപ്പിച്ച രണ്ടുമാസം പ്രായമായ കുഞ്ഞ് അനസ്തേഷ്യ നൽകിയതിനിടെ മരിച്ചു. കാക്കൂർ കോ ഓപറേറ്റീവ് ക്ലിനിക്കിൽ ഇന്ന് രാവിലെയാണ് സംഭവം.

ചേളന്നൂർ സ്വദേശിയുടെ കുഞ്ഞാണ് മരിച്ചത്. അനസ്തേഷ്യ നൽകിയതോടെ കുഞ്ഞിന് ശ്വാസംമുട്ട് അനുഭവപ്പെടുകയായിരുന്നു. കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചപ്പോഴേക്കും കുഞ്ഞ് മരിച്ചിരുന്നു.

സംഭവത്തിൽ അസ്വാഭാവിക മരണത്തിന് കാക്കൂർ പോലീസ് കേസെടുത്തു. അനസ്തേഷ്യ നൽകിയതു മൂലമുണ്ടായ റിയാക്ഷനാണോ അതോ അനസ്തേഷ്യയുടെ അളവ് കൂടിയതാണോ മരണകാരണം എന്നീ കാര്യങ്ങളെക്കുറിച്ച് പോലീസ് അന്വേഷണം ആരംഭിച്ചു. മൃതദേഹം കോഴിക്കോട് മെഡിക്കൽ കോളജിലേക്കു മാറ്റി.

## കോട്ടയത്ത് നീർനായയുടെ കടിയേറ്റ വീട്ടമ്മ മരിച്ചു

കോട്ടയം: പാണംപടിയിൽ ആറ്റിൽ തുണി കഴുകുന്നതിനിടെ നീർനായയുടെ കടിയേറ്റ വീട്ടമ്മ കുഴഞ്ഞു വീണ് മരിച്ചു. പാണംപടി കലയംകേരിൽ നിസാനി(53) ആണ് മരിച്ചത്. നീർനായയുടെ കടിയേറ്റതിനെ തുടർന്ന് ആശുപത്രിയിൽ ചികിത്സ തേടിയിരുന്നു. പിന്നീടുവീട്ടിലെത്തിയ ശേഷം കുഴഞ്ഞു വീഴുകയായിരുന്നു. പോസ്റ്റുമോർട്ടം റിപ്പോർട്ട് വന്നതിന് ശേഷമേ മരണകാരണം എന്താണെന്ന് വ്യക്തമാകൂവെന്ന് ഡോക്ടർമാർ അറിയിച്ചു.

## തലപ്പാറയിൽ കാറും ബൈക്കും കൂട്ടിയിടിച്ച് അപകടം; തോട്ടിൽ വീണ യുവാവിനെ കണ്ടെത്താനായില്ല

മലപ്പുറം: തലപ്പാറയിൽ കാറ് ഇടിച്ചു തോട്ടിൽ വീണ ബൈക്ക് യാത്രക്കാരനെ കണ്ടെത്താനായില്ല. വലിയപറമ്പ് സ്വദേശി ഹാഷിറാണ് (22) അപകടത്തിൽപ്പെട്ടത്. സ്ഥലത്ത് അഗ്നിരക്ഷാസേനയുടെ നേതൃത്വത്തിൽ തെരച്ചിൽ തുടരുകയാണ്. ഞായറാഴ്ച വൈകിട്ട് ആറരയോടെയാണ് അപകടമുണ്ടായത്.

ഇടിയുടെ ആഘാതത്തിൽ ബൈക്ക് യാത്രികനായ ഹാഷിർ തോട്ടിൽ വീഴുകയായിരുന്നു. തോട്ടിലെ കുത്തൊഴുക്കും ശക്തമായ മഴയും രക്ഷാപ്രവർത്തനം ദുഷ്കരമാക്കുന്നുണ്ട്.

# സസ്പെൻഷനെതിരായ ഹർജി പിൻവലിച്ച് രജിസ്ട്രാർ; അനുമതി നൽകി ഹൈക്കോടതി

തിരുവനന്തപുരം: കേരള സർവകലാശാല രജിസ്ട്രാറെ സസ്പെൻഡ് ചെയ്ത നടപടി ചോദ്യം ചെയ്തുകൊണ്ടുള്ള ഹർജി പിൻവലിച്ചു. തന്നെ സിൻഡിക്കേറ്റ് തിരിച്ചെടുത്തെന്നും ഹർജി പിൻവലിക്കുകയാണെന്നും ഇന്ന് കേസ് പരിഗണിച്ചപ്പോൾ തന്നെ രജിസ്ട്രാർ കെ. എസ്. അനിൽകുമാർ ഹൈക്കോടതിയെ അറിയിക്കുകയായിരുന്നു.

താൻ ചുമതല തിരികെ ഏറ്റെടുത്തതായും അനിൽകുമാർ കോടതിയിൽ പറഞ്ഞു. ഇതോടെ ഹർജി പിൻവലിക്കാൻ ഹർജിക്കാരന് കോടതി അനുമതി നൽകി.

വൈസ് ചാൻസലറുടെ താത്കാലിക ചുമതലയുള്ള സിസാ തോമസിനുവേണ്ടി ഹാജരായ സ്വകാര്യ അഭിഭാഷകൻ ഹർജിക്കാരന്റെ നീക്കത്തെ എതിർക്കാൻ ശ്രമിച്ചുവെങ്കിലും കോടതി അത് പരിഗണിച്ചില്ല. എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ പിന്നീട് മറ്റൊരു ഹർജി നൽകാമെന്ന് കോടതി പറഞ്ഞു

അനിൽകുമാറിനെ രജിസ്ട്രാറായി തിരിച്ചെടുത്ത സിൻഡിക്കേറ്റ് നടപടിയിൽ ഇടപെടുന്നില്ലെന്ന് കോടതി വ്യക്തമാക്കി. ബന്ധപ്പെട്ട ഫോറത്തിനോ അഥോറിറ്റിക്കോ ഇക്കാര്യത്തിൽ തീരുമാനമെടുക്കാമെന്നും കോടതി വ്യക്തമാക്കി.

രജിസ്ട്രാർ പദവിയിൽ നിന്ന് തന്നെ വിസി സസ്പെൻഡ് ചെയ്തതിനെതിരെയാണ് കെ. എസ്. അനിൽകുമാർ കോടതിയെ സമീപിച്ചത്.

എന്നാൽ ഇതിന് പിന്നാലെ ഞായറാഴ്ച ചേർന്ന സിൻഡിക്കേറ്റ് യോഗം അനിൽകുമാറിനെ സസ്പെൻഡ് ചെയ്ത നടപടി റദ്ദാക്കിയിരുന്നു. ഇതോടെയാണ് ഹർജി പിൻവലിക്കുന്നതായി കോടതിയെ അറിയിച്ചത്.

# കേരള സർവകലാശാല ജോ. രജിസ്ട്രാർക്കെതിരേ നടപടി; ഹരികുമാറിനെ ചുമതലയിൽനിന്നു നീക്കി

തിരുവനന്തപുരം: കേരള സർവകലാശാലയിൽ പോര് കനക്കുന്നു. വൈസ് ചാൻസിലർ പിരിച്ചുവിട്ട സിൻഡിക്കേറ്റ് യോഗത്തിൽ പങ്കെടുത്തതിന് ജോയിൻറ് രജിസ്ട്രാർ സി. ഹരികുമാറിനെ ചുമതലയിൽനിന്നു നീക്കി.

നേരത്തേ രജിസ്ട്രാറുടെ ചുമതല ഹരികുമാറിനായിരുന്നു. നിലവിൽ മിനി കാപ്പന് രജിസ്ട്രാറുടെ ചുമതല നൽകി. മറ്റൊരു ജോയിൻറ് രജിസ്ട്രാറായ ഹേമ ആനന്ദിനാണ് ഭരണ വിഭാഗം ചുമതല നൽകിയിരിക്കുന്നത്.

വ്യക്തമായ വിശദീകരണം നൽകിയില്ലെങ്കിൽ ജോയിൻറ് രജിസ്ട്രാർക്കെതിരേ നടപടി ഉണ്ടാകുമെന്ന് ഇന്ന് രാവിലെ വിസി മുന്നറിയിപ്പ് നൽകിയിരുന്നു. ഇതേത്തുടർന്ന് ജോയിൻറ് രജിസ്ട്രാർ ഹരികുമാർ അവധിയിൽ പ്രവേശിച്ചിരുന്നു. മറുപടി നൽകാത്തതിനെത്തുടർന്നാണ് താത്കാലിക വിസി സിസ തോമസ് നടപടിയെടുത്തത്.

ഭാരതാംബ വിവാദവുമായി ബന്ധപ്പെട്ട് വിസി സസ്പെൻഡ് ചെയ്ത രജിസ്ട്രാർ അനിൽകുമാറിനെ തിരിച്ചെടുക്കാൻ ഇടത് സിൻഡിക്കേറ്റ് ഞായറാഴ്ച തീരുമാനിച്ചിരുന്നു. എന്നാൽ ഈ വിഷയം അജണ്ടയിൽ വരുന്നതിന് മുൻപേ തന്നെ വിസി യോഗം പിരിച്ചു വിട്ടിരുന്നു. വിസി പിരിച്ചു വിട്ട യോഗത്തിൽ ജോയിൻറ് രജിസ്ട്രാർ ഹരികുമാർ പങ്കെടുക്കുകയും രജിസ്ട്രാറുടെ സസ്പെൻഷൻ പിൻവലിക്കുകയും ചെയ്തിരുന്നു. ഇതു സർവകലാശാലയുടെ ചട്ടങ്ങളുടെ ലംഘനമാണെന്ന് വിസി സിസ തോമസ് ജോയിൻറ് രജിസ്ട്രാറോട് വ്യക്തമാക്കിയിരുന്നു.

താൻ പിരിച്ച് വിട്ട യോഗത്തിൽ നിയമപരമായി രജിസ്ട്രാർക്ക് പങ്കെടുക്കാൻ വ്യവസ്ഥയില്ലാതിരിക്കെ പങ്കെടുക്കുകയും സസ്പെൻഷനിലുള്ള ഉദ്യോഗസ്ഥനെ സർവകലാശാലയിൽ ജോലിയിൽ തിരികെ പ്രവേശിക്കാൻ സിൻഡിക്കേറ്റിനൊടൊപ്പം ചേർന്ന് ചട്ടവിരുദ്ധമായി ജോയിൻറ് രജിസ്ട്രാർ പ്രവർത്തിച്ചുവെന്നാണ് വിസിയുടെ കണ്ടെത്തൽ. ഇതെല്ലാം കാട്ടി വിസി ഗവർണർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

# സസ്പെൻഷനിൽ വിസിയും സിൻഡിക്കേറ്റും രണ്ട് തട്ടിൽ; അവധിയിൽ പ്രവേശിച്ച് ജോ. രജിസ്ട്രാർ

തിരുവനന്തപുരം: കേരള സർവകലാശാല ജോയിൻറ് രജിസ്ട്രാർ പി. ഹരികുമാർ അവധിയിൽ പ്രവേശിച്ചു. ഞായറാഴ്ച ചേർന്ന സിൻഡിക്കേറ്റ് യോഗത്തിനിടെ വിസി സിസ തോമസ് ഇറങ്ങിപ്പോയിട്ടും ഹരികുമാർ യോഗത്തിൽ തുടർന്നിരുന്നു.

ഇതിന് സിസ തോമസ് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ഹരികുമാർ നൽകിയിരുന്നില്ല. ഇന്ന് രാവിലെ ഒന്പതിനകം റിപ്പോർട്ട് നൽകാനായിരുന്നു നിർദേശം. ഇതോടെ അച്ചടക്ക നടപടി നീക്കങ്ങൾക്കിടെയാണ് ഹരികുമാർ അവധിയിൽ പ്രവശിച്ചത്.

കേരള സർവകലാശാലാ രജിസ്ട്രാർ ഡോ. ണ്ടകെ. എസ്. അനിൽകുമാറിന്റെ സസ്പെൻഷനിൽ വിസിയും സിൻഡിക്കേറ്റും രണ്ടുതട്ടിലാണ്. ഞായറാഴ്ച സസ്പെൻഷൻ റദ്ദാക്കിയതായി സിൻഡിക്കേറ്റ് അറിയിച്ചെങ്കിലും സസ്പെൻഷൻ റദ്ദാക്കിയിട്ടില്ലെന്ന് അറിയിച്ച് വൈസ് ചാൻസലറുടെ ചുമതലയിലുള്ള സിസാ തോമസ് രംഗത്തെത്തിയിരുന്നു. രജിസ്ട്രാറുടെ സസ്പെൻഷൻ ഞായറാഴ്ച വിസിയുടെ അനുമതിയില്ലാതെയാണ് സിൻഡിക്കേറ്റ് റദ്ദാക്കിയത്. വിസിയുടെ വിയോജിപ്പ് സിൻഡിക്കേറ്റ് തള്ളുകയും ചെയ്തിരുന്നു. എന്നാൽ രജിസ്ട്രാറുടെ സസ്പെൻഷൻ റദ്ദാക്കിയിട്ടില്ലെന്നും ഇത് സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനത്തിന് നിയമസാധുതയില്ലെന്നുമായിരുന്നു സിസ തോമസിന്റെ വാദം.

സിൻഡിക്കേറ്റ് പിരിച്ചുവിട്ട ശേഷമാണ് സസ്പെൻഷൻ റദ്ദാക്കുന്നതിൽ തീരുമാനമെടുത്തത്. റജിസ്ട്രാറുടെ സസ്പെൻഷൻ വിഷയം പ്രമേയമായി അവതരിപ്പിച്ചപ്പോഴെ യോഗം പിരിച്ചുവിട്ട് താൻ ഇറങ്ങിപ്പോയതാണ് അതിന് ശേഷം എടുക്കുന്ന തീരുമാനത്തിന് നിയമസാധുതയില്ലെന്നും വിസി വ്യക്തമാക്കിയിരുന്നു.

# സ്വകാര്യബസുകൾ ചൊവ്വാഴ്ച പണിമുടക്കും, 22 മുതൽ അനിശ്ചിതകാല സമരം

തിരുവനന്തപുരം: സംസ്ഥാനത്ത് സ്വകാര്യബസുകൾ ചൊവ്വാഴ്ച സൂചനാ പണിമുടക്ക് നടത്തും. ബസുടമകളുമായി ട്രാൻസ്പോർട്ട് കമ്മീഷണർ നടത്തിയ ചർച്ച പരാജയപ്പെട്ടതോടെയാണ് സംയുക്ത സമരസമിതി പണിമുടക്കുമായി മുന്നോട്ട് പോകുന്നത്. ഒരാഴ്ചയ്ക്കുള്ളിൽ തുടർചർച്ചകൾ നടത്തി പരിഹാരമുണ്ടായില്ലെങ്കിൽ, ഈമാസം 22 മുതൽ അനിശ്ചിതകാല സമരത്തിലേക്ക് നീങ്ങാനാണ് തീരുമാനം.

ദീർഘകാലമായി സർവീസ് നടത്തുന്ന ലിമിറ്റഡ് സ്റ്റോപ്പ് ബസുകളുടെയും ദീർഘദൂര ബസുകളുടെയും പെർമിറ്റുകൾ പുതുക്കി നൽകുക, വിദ്യാർഥികളുടെ യാത്രാനിരക്ക് വർധിപ്പിക്കണമെന്ന കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുക, ബസ് തൊഴിലാളികൾക്കു പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയതു പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണു ബസ് സർവീസ് നിർത്തിവയ്ക്കുന്നത്.

അടിയന്തര ആവശ്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി അടക്കമുള്ള മുഴുവൻ മന്ത്രിമാർക്കും നിവേദനങ്ങൾ നൽകിയിട്ടും വിവിധ സമരങ്ങൾ നടത്തിയിട്ടും യാതൊരു നടപടിയും ഉണ്ടാകാത്തതിനാലാണ് അനിശ്ചിതകാല സമരത്തിലേക്കു പോകുന്നതെന്ന് നേതാക്കൾ അറിയിച്ചു.

# വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ പൊതുതെളിവെടുപ്പും ഓൺലൈൻ സ്ട്രീമിംഗും ഇന്ന് മുതൽ

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (റിന്യുവബിൾ എനർജി ആന്റ് റിലേറ്റഡ് മാറ്റേഴ്സ്) റഗുലേഷൻസ്, 2025ന്റെ കരട് മേയ് 30 ന് പൊതുജനങ്ങളുടെയും മറ്റ് തൽപ്പരകക്ഷികളുടെയും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ഈ കരടിന്മേൽ ജൂലൈ 8,9,10,11 തീയതികളിൽ പൊതുതെളിവെടുപ്പ് ഓൺലൈനായി നടത്തുമെന്ന് കമ്മീഷൻ അറിയിച്ചിരുന്നു. എന്നാൽ ജൂലൈ 9 ന് പ്രഖ്യാപിച്ചിട്ടുള്ള പൊതുപണിമുടക്ക് പരിഗണിച്ച് ജൂലൈ 9 ലെ ഓൺലൈൻ ഹിയറിംഗ് ജൂലൈ 16 ലേക്ക് മാറ്റിവച്ചതായി കമ്മീഷൻ അറിയിച്ചു. ഓൺലൈൻ പൊതുതെളിവെടുപ്പിൽ പങ്കെടുക്കുവാനായി രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്താക്കൾക്കും മറ്റ് തൽപ്പരകക്ഷികൾക്കും ഹിയറിംഗ് തീയതി, സമയം, ലിങ്ക് എന്നിവ ഇ-മെയിൽ / വാട്ട്സാപ്പ് മുഖേന അറിയിക്കുന്നതായിരിക്കും. കൂടാതെ കമ്മിഷന്റെ യൂട്യൂബ് (www.youtube.com/@keralaerc) മുഖേന പൊതുതെളിവെടുപ്പിന്റെ ഓൺലൈൻ സ്ട്രീമിംഗ് ഉണ്ടായിരിക്കും. ഹിയറിംഗിൽ ഓൺലൈൻ ആയി പങ്കെടുക്കുവാൻ കഴിയാത്തവർക്ക് യൂട്യൂബ് ചാനൽ വഴി ഹിയറിംഗ് നടപടികൾ കാണാം. കൂടാതെ പൊതുജനങ്ങൾക്കും മറ്റ് തൽപ്പരകക്ഷികൾക്കും അഭിപ്രായങ്ങൾ രേഖാമൂലം ജൂലൈ 14 വൈകിട്ട് 5 മണിവരെ അറിയിക്കാം.

## കോഴിക്കോട്ട് കടയ്ക്ക് മുന്നിൽ സ്റ്റീൽ ബോംബ് കണ്ടെത്തി

കോഴിക്കോട്: വളയത്ത് കടയ്ക്ക് മുന്നിൽ സ്റ്റീൽ ബോംബ് കണ്ടെത്തി. ബോംബ് പോലീസ് എത്തി.കസ്റ്റഡിയിൽ എടുത്തു. വളയം നിരവുമ്മലിലെ നടുക്കണ്ടിയിൽ ദാമോദരന്റെ കടക്ക് മുന്നിലാണ് സ്റ്റീൽ കണ്ടെയ്നർ കണ്ടെത്തിയത്. കണ്ടെയ്നറിന്റെ മൂടിഭാഗം തുറന്ന് കിടക്കുന്ന നിലയിലായിരുന്നു. വെടിമരുന്ന് ഉൾപ്പെടെയുള്ളവ നിലത്ത് ചിതറി കിടന്നിരുന്നു. കടയ്ക്ക് നേരെ എറിഞ്ഞ ബോംബ് പൊട്ടാത്തതിരുന്നതാണോയെന്ന് സംശയിക്കുന്നുണ്ട്. വളയം പോലീസ് സ്ഥലത്ത് പരിശോധന നടത്തി.